മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*91)

**പുതിയ മദ്യ നയം സംബന്ധിച്ച് ടൂറിസം വകുപ്പ് നൽകിയ ശിപാർശകൾ**

1 (*91) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയ പ്രകാരം
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ടൂറിസം വകുപ്പ് നടത്തിയ കൂടിയാലോചനകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ മദ്യ നയം ചർച്ച ചെയ്യാൻ ടൂറിസം ഡയറക്ടറുടെ അധ്യക്ഷതയിൽ ഓൺലൈൻ യോഗം കൂടിയിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പുതിയ മദ്യ നയം സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് ശിപാർശകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ&ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഇതോടൊപ്പം വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ ടൂറിസം വ്യവസായ വികസനത്തെ സംബന്ധിച്ച് ടൂറിസം വകുപ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ 21-05-2024-ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്മെന്റ്

അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions) വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി.

(സി) ഇല്ല.

ശ്രീ. റോജി എം. ജോൺ: സർ, വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions) വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ മീറ്റിംഗിൽ ചർച്ച ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സൂചിപ്പിച്ചത്. പക്ഷേ ടൂറിസം ഡയറക്ടർ വിളിച്ച ഓൺലൈൻ മീറ്റിംഗിന്റെ അജണ്ടയിൽ പറഞ്ഞിരിക്കുന്നത്, " Excise Policy Renewal meeting for Tourism

Department" എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച മീറ്റിംഗിന്റെ അജണ്ടയും മീറ്റിംഗ് വിളിച്ചിരിക്കുന്ന സർക്കുലേറ്റ് ചെയ്ത അജണ്ടയും തമ്മിൽ പൊരുത്തപ്പെടുന്നതല്ല. ഇതിന്റെ കോപ്പി എല്ലാവർക്കും ലഭ്യമായിട്ടുള്ളതാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടാണോ അവിടെ മീറ്റിംഗ് വിളിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടർ വിശദമായി കാര്യങ്ങൾ സൂചിപ്പിച്ച് ഒരു പത്രക്കുറിപ്പ് ഇറക്കുകയും മന്ത്രിയെന്ന നിലയിൽ ഞാനും കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. സഭയിലും നേരത്തെ ചർച്ച ചെയ്തതാണ്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഒരു നിർദ്ദേശവും നിലപാടും അറിയിച്ചിട്ടില്ല എന്നുള്ളത് നേരത്തെയും സൂചിപ്പിച്ചതാണ്. ഇപ്പോൾ ഒന്നുകൂടി ആവർത്തിക്കുകയാണ്. ടൂറിസം ഡയറക്ടർ വിളിച്ചുചേർത്ത യോഗം മന്ത്രി നിർദ്ദേശിച്ചതിന്റെ ഭാഗമായി വിളിച്ചുചേർത്തതല്ല, ടൂറിസം വകുപ്പുമന്ത്രിക്ക് അറിയാത്ത യോഗവുമാണെന്നുള്ളത് ഡയറക്ടർതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ടൂറിസം ഡയറക്ടറുടെ പത്രക്കുറിപ്പ് വായിക്കാം.

"മന്ത്രിയുടെ നിർദ്ദേശപ്രകാരമല്ല യോഗം വിളിച്ചുചേർത്തത്. ടൂറിസം ഡയറക്ടർക്ക് മദ്യനയവുമായി ബന്ധമില്ല. കേരള ടൂറിസം ഡയറക്ടർ, ഇൻഡസ്ട്രി കണക്ടിന്റെ ഭാഗമായി നടത്തിയ യോഗത്തിനെക്കുറിച്ച് തെറ്റിദ്ധാരണാജനകമായ വാർത്തകളാണ് പരക്കുന്നതെന്ന് ടൂറിസം വകുപ്പ് വ്യക്തമാക്കി. ടൂറിസം മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള ട്രാവൽ മാർട്ട് സൊസൈറ്റിയടക്കമുള്ള സംഘടനകളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് മേയ് 21-ന് യോഗം വിളിച്ചത്. ഇത് ടൂറിസം വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരമല്ലെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി. ടൂറിസം മേഖലയുടെ വികസനത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹൗസ്ബോട്ടുകൾ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ എന്നിവർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതിനാൽ ടൂറിസം മേഖലയിലെ സ്റ്റേക്ക്ഹോൾഡേഴ്സിന്റെ പ്രതിനിധികളുടെ യോഗം കൃത്യമായ ഇടവേളകളിൽ ടൂറിസം ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ വിളിച്ചുചേർക്കാറുള്ളതാണ്. കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ, ഹൗസ് ബോട്ട് അസോസിയേഷൻ, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ, സൗത്ത് കേരള

ഹോട്ടൽ ഫെഡറേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, കേരള ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ എന്നീ ഏഴ് സംഘടനകളാണ് യോഗത്തിൽ പങ്കെടുത്തത്. യോഗത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങളിൽനിന്നുതന്നെ ഇത് ബാറുടമകളുടെ മാത്രമായതോ, ഇപ്പോൾ പ്രചരിപ്പിക്കുംപ്രകാരം സർക്കാരിന്റെ മദ്യനയവുമായി ബന്ധപ്പെട്ടതോ ആയ പ്രത്യേക യോഗമല്ലായെന്നത് വളരെ വ്യക്തമാണ്. വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി കേരളത്തെ ഉയർത്തുന്നതിന് നേരിടുന്ന തടസ്സങ്ങൾ, MICE (Meetings Incentive Convention Exhibitions) ഉൾപ്പെടെയുള്ള കോൺഫറൻസ് ടൂറിസത്തിന് നേരിടുന്ന പ്രശ്നങ്ങൾ, ദീർഘകാലമായി ടൂറിസം വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവയാണ് യോഗത്തിൽ പങ്കെടുത്ത ടൂറിസം മേഖലയിലെ വിവിധ സംഘടനകളുടെയും കൂട്ടായ്മകളുടെയും നേതൃത്വത്തിലുള്ളവർ ഉന്നയിച്ചത്. ഈ വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ശിപാർശകളോ അഭിപ്രായങ്ങളോ തീരുമാനങ്ങളോ ടൂറിസം ഡയറക്ടറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് നൽകിയിട്ടില്ല. ടൂറിസം വകുപ്പിന്റെ ഡയറക്ടറെന്ന നിലയിൽ മേഖലയിലെ

വിഷയങ്ങൾ പഠിക്കാൻ ഡയറക്ടർതലത്തിൽ യോഗങ്ങൾ കൂടുന്ന പതിവുണ്ട്. അത്തരം യോഗങ്ങൾ ഉദ്യോഗസ്ഥതലത്തിൽ നടത്തുകയാണ് പതിവ്. അപ്രകാരം ഒരു സ്റ്റേക്ക്ഹോൾഡർ മീറ്റിംഗ് മാത്രമാണ് 21-05-2024-ന് കൂടിയിട്ടുള്ളത്. യോഗത്തിന്റെ നോട്ടീസിൽ വിഷയം ചുരുക്കി പരാമർശിക്കേണ്ടതിനാൽ വിവിധ സംഘടനകൾ ഉന്നയിച്ച വിഷയങ്ങളിൽ ഒന്ന് ഉൾപ്പെടുത്തിയിരുന്നു. ഇതിനെ ദുർവ്യാഖ്യാനം ചെയ്ത് മറ്റ് വകുപ്പുകളിൽ ടൂറിസം വകുപ്പ് കൈകടത്തുന്നു എന്നതരത്തിൽ ഉന്നയിച്ച ആരോപണത്തിന് അടിസ്ഥാനമില്ല. മീറ്റിംഗിൽ ഉയർന്നുവന്ന വിഷയങ്ങൾ ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട സംഘടനകൾ ദീർഘകാലമായി ഉന്നയിച്ചുവരുന്നതാണ്. എന്നാൽ ഇക്കാര്യങ്ങളിൽ ഒരു നിലപാടും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടില്ല. കൂടാതെ മദ്യനയവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന മറ്റ് വാർത്തകളുമായോ ചില വ്യക്തികൾ നടത്തിയ പരാമർശങ്ങളുമായോ ടൂറിസം ഡയറക്ടറേറ്റിന് യാതൊരുവിധ ബന്ധവുമില്ലെന്നും ടൂറിസം ഡയറക്ടർ അറിയിച്ചു" . ഇതിൽനിന്നും കാര്യങ്ങൾ വ്യക്തമാണ്.

ശ്രീ. റോജി എം. ജോൺ: സർ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഇനിമുതൽ വിളിക്കുന്ന യോഗങ്ങൾക്കെങ്കിലും അതിന്റെ അജണ്ടയുടെ പേര്, മദ്യനയം ചർച്ച ചെയ്യാനെന്നുപറഞ്ഞ് വിളിക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം നിർദ്ദേശം കൊടുക്കണം. അദ്ദേഹത്തിന്റെ മറുപടിയിൽനിന്ന് അതാണ് തോന്നുന്നത്. മദ്യനയവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദത്തിൽ, നിയമം പരിശോധിക്കുമ്പോൾ എവിഡൻസ് ആക്ടിന്റെ 65(ബി) അനുസരിച്ചും അഴിമതിനിരോധന നിയമത്തിന്റെ സെക്ഷൻ 8, 9, 12 എന്നിവയൊക്കെയനുസരിച്ച് കേസെടുത്ത് അന്വേഷിക്കേണ്ടതായ ഉപോദ്ബലകമായ ആരോപണങ്ങളാണ് ഉയർന്നുവന്നിരിക്കുന്നത്. ഈ ആരോപണങ്ങൾ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോഴത്തെ ക്രൈംബ്രാഞ്ച് അന്വേഷണം ഈ വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ സാധിക്കില്ലെന്ന് വ്യക്തമായിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... ഇന്നത്തെ ഡിമാന്റിൽ ചർച്ച ചെയ്യുക. ചോദ്യം ചോദിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇതുസംബന്ധിച്ച് കൃത്യമായൊരു വിജിലൻസ് അന്വേഷണം നടത്തുവാൻ ടൂറിസം വകുപ്പ് ആവശ്യപ്പെടുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിലും ഈ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ മന്ത്രിമാരായി ചുമതല ഏറ്റെടുത്തതിലും പ്രതിപക്ഷത്തെ എല്ലാപേരും തൃപ്തരായിക്കൊള്ളണമെന്നില്ല. അതുകൊണ്ട് പല ആഗ്രഹങ്ങളും അതുമായി ബന്ധപ്പെട്ടുണ്ടാകും. മന്ത്രിമാർ ഇതിന്റെ ഭാഗമായി രാജിവച്ച് പോകണമെന്നോ അല്ലെങ്കിൽ മന്ത്രിമാരാകെ മോശമാണെന്നോ പറയാനുള്ള അവകാശം തീർച്ചയായും നിങ്ങൾക്കുണ്ട്. അത് പറഞ്ഞുകൊണ്ടേയിരിക്കും. ഇവിടെ വിഷയം വളരെ വ്യക്തമാണ്. ടൂറിസം വകുപ്പ് ഇതിനൊരു നിലപാട് പറഞ്ഞിട്ടില്ല. ടൂറിസം വകുപ്പുമന്ത്രി അറിഞ്ഞുകൊണ്ടല്ല ഡയറക്ടർ യോഗം വിളിച്ചുചേർത്തിട്ടുള്ളത്. ഇതിന് ചിലർ ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. മന്ത്രി എന്തിനാണ് ഇങ്ങനെയിരിക്കുന്നതെന്ന് സഭയിൽത്തന്നെ ചിലർ പറഞ്ഞിട്ടുണ്ട്. ടൂറിസം ഡയറക്ടർ ഒരുമാസം നാൽപ്പതിലധികം യോഗങ്ങൾ വിളിക്കാറുണ്ട്. എൽ.ഡി.എഫ്. ഭരിച്ചപ്പോഴും യു.ഡി.എഫ്. ഭരിച്ചപ്പോഴും അങ്ങനെ

വിളിച്ചുചേർത്തിട്ടുണ്ട്. ആ യോഗങ്ങളൊക്കെ മന്ത്രി നിർദ്ദേശിച്ചിട്ടല്ല. ആ യോഗങ്ങളിലൊക്കെ മന്ത്രി പങ്കെടുക്കണമെന്നില്ല. ആ യോഗങ്ങളിലെ തീരുമാനം വേണമെങ്കിൽ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാം. അല്ലെങ്കിൽ അതിൽ പലതും കൂട്ടിച്ചേർക്കാം. ഇത് സ്വാഭാവികമാണ്. മുൻ ടൂറിസം വകുപ്പുമന്ത്രി ഈ സഭയിലുണ്ട്. അന്ന് നടന്ന പ്രധാനപ്പെട്ട യോഗങ്ങളുടെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. ആ യോഗങ്ങളെടുത്ത് പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാണ്. ആ യോഗങ്ങളിൽ അന്നത്തെ  ടൂറിസം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ല. പലതരത്തിലുള്ള യോഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ട്. ഇത്തരം  വിഷയങ്ങളുമായി ബന്ധപ്പെട്ട യോഗങ്ങളും നടന്നിട്ടുണ്ട്. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട ഇത്തരം അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, ആഗ്രഹങ്ങൾ പുതുതായി വന്നതല്ല. ഈ എൽ.ഡി.എഫ്. സർക്കാർ വന്നപ്പോഴോ അല്ലെങ്കിൽ നേരത്തെ എൽ.ഡി.എഫ്. സർക്കാർ ഭരിച്ചപ്പോഴോ വന്നതല്ല. യു.ഡി.എഫ്. 2001-ൽ ഭരിച്ചപ്പോഴും അതിനുമുമ്പുമായി പലഘട്ടങ്ങളിൽ വന്നതാണ്. അന്ന് ഇങ്ങനെ വന്ന സമയത്തും ഇതുപോലെ യോഗങ്ങൾ നടന്നിട്ടുണ്ട്. അതിന്റെയെല്ലാം രേഖ എന്റെ കൈവശമുണ്ട്.

ആവശ്യമെങ്കിൽ അതും സഭയ്ക്കുമുമ്പാകെ അവതരിപ്പിക്കാം. പലർക്കും പല താൽപ്പര്യങ്ങളുണ്ട്. പല narratives സൃഷ്ടിക്കാനുള്ള ശ്രമങ്ങളുണ്ടാകും. ആ ശ്രമങ്ങൾ നടത്തുന്നവരെ ഒന്നും ഞാൻ തെറ്റ് പറയുകയില്ല. പക്ഷേ ആ ഫ്രെയിമിൽപ്പെടാൻ ഒരാൾ വിചാരിച്ചാൽമാത്രമേ സാധിക്കൂ. തൽക്കാലം ഞാൻ ആ ഫ്രെയിമിൽപ്പെടാൻ പറ്റുന്ന നിലയിലേയ്ക്ക് ഒരു കർമ്മവും നടത്തില്ലായെന്ന് എനിക്ക് നല്ല ധാരണയുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയോ മന്ത്രിയോ രാജിവയ്ക്കണമെന്ന് പറഞ്ഞത് ഞങ്ങളല്ല. സി.പി.ഐ.-യുടെ എറണാകുളം ജില്ലാ കമ്മിറ്റിയിലാണ്......

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരിക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മദ്യനയവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പാണോ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്? ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിൽ ഇടപെടുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ടൂറിസം ഡയറക്ടർ ഈ മീറ്റിംഗ് വിളിച്ചത്. മദ്യനയംപോലെ സുപ്രധാനമായ മീറ്റിംഗുകൾ

വിളിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റോ മന്ത്രിയോ അറിയണ്ടേ; മന്ത്രി അറിഞ്ഞിട്ടല്ലായെങ്കിൽ മന്ത്രി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ; ആരൊക്കെയാണ് ഈ മീറ്റിംഗിൽ പങ്കെടുത്തതെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഏതെങ്കിലും പത്രങ്ങളിൽ എന്തെങ്കിലും വാർത്ത വന്നാൽ ആ വാർത്ത വച്ചുകൊണ്ട് സഭയിൽ ചർച്ച ചെയ്യുന്ന രീതി ശരിയാണോ? സി.പി.ഐ. എന്നൊരു രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ കമ്മിറ്റി യോഗത്തിനകത്ത് ഇങ്ങനെയൊരു വാർത്ത വന്നുവെന്നാണ് ഇവിടെ പറഞ്ഞത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, അഭിപ്രായം പറയാൻ ഞങ്ങളുണ്ട്. വേറെ ആളെ ആവശ്യമില്ല. (മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ</u>: യെസ്... പ്ലീസ്...

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഒന്ന്, ആ രാഷ്ട്രിയ പാർട്ടിയുടെ കമ്മിറ്റിക്കകത്ത് ബന്ധപ്പെട്ട വാർത്ത നല്കിയെന്നുപറയുന്ന മാധ്യമ

പ്രവർത്തകരില്ല. ആ രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ കമ്മിറ്റിക്കകത്ത് ഇവിടെ വിഷയമുന്നയിച്ച സഭാംഗവുമില്ല. നിങ്ങൾക്കുള്ളത് ഒരു മാനസിക സുഖമാണ്. പല കമ്മിറ്റികളിലും ഇങ്ങനെയൊക്കെ വാർത്ത കൊടുക്കാൻ പല ദിനപത്രങ്ങളുമുള്ളതുകൊണ്ട് എന്ത് വാർത്തയും കൊടുക്കാം. അതിൽ മാനസിക സുഖം കിട്ടുന്നത് ഏതായാലും നല്ല കാര്യമാണ്. രണ്ടാമത്തേത്, ബഹുമാനപ്പെട്ട അംഗത്തിന് പ്രതിപക്ഷ ബഞ്ചിലിരിക്കുന്ന മുൻ മന്ത്രിമാരോട് എന്തെങ്കിലും വിരോധമുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. പഴയ കാര്യങ്ങൾ തൽക്കാലം ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ പ്രത്യേകം പറഞ്ഞു. പക്ഷേ അത് പറയിപ്പിച്ചേ അടങ്ങുവെന്ന് പറഞ്ഞാൽ അതിൽ പ്രയാസമുണ്ട്.

ടൂറിസം മേഖലയിൽ മദ്യനയം സൃഷ്ടിച്ച തിരിച്ചടികൾ എന്ന 17-03-2015-ലെ നക്ഷത്ര ചിഹ്നമിട്ട 152-ാം നമ്പർ ചോദ്യം ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. കെ. കെ. നാരായണൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങളാണ് ചോദിച്ചിരിക്കുന്നത്. അതിന് മറുപടി നൽകിയിരിക്കുന്നത് അന്നത്തെ എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. കെ. ബാബുവാണ്. ചോദ്യം (എ) ടൂറിസം തൊഴിൽ മേഖലയിൽ മദ്യനയം സൃഷ്ടിച്ച തിരിച്ചടികൾ പഠിക്കാൻ വിദഗ്ധ

സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി) ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാർ നല്കിയ റിപ്പോർട്ടിലെ എന്തെല്ലാം ശിപാർശകൾ മന്ത്രിസഭായോഗം പരിഗണിച്ചുവെന്ന് വിശദമാക്കാമോ; വകുപ്പ് സെക്രട്ടറിമാർ ശിപാർശകൾ തയ്യാറാക്കിയത് എന്തെല്ലാം പരിഗണനകളുടെ അടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ?

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അതിനുള്ള ഉത്തരം, മദ്യനയത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കുമ്പോൾ പ്രവർത്തിച്ചുവരുന്ന 5 സ്റ്റാർ ഒഴികെയുള്ള (...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബാർ ഹോട്ടലുകളുടെ ലൈസൻസ് സസ്പെന്റ് ചെയ്യപ്പെടുമെന്നതിനാലും സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും വിനോദസഞ്ചാര മേഖലയിലും ഹോട്ടൽ വ്യവസായത്തിലുമുണ്ടാകുന്ന

പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ തീരുമാനമനുസരിച്ച്....... ഞാൻ അത് മുഴുവൻ വായിക്കുന്നില്ല.

മി. സ്പീക്കർ: യെസ്... സമയം പോകുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് ദിവസം കഴിഞ്ഞ് അതേ സമ്മേളനത്തിൽ ടൂറിസം വകുപ്പിന് നക്ഷത്ര ചിഹ്നമിടാത്ത 2666-ാം നമ്പർ ചോദ്യം വന്നു.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയം ടൂറിസം മേഖലയെ ഏതൊക്കെ നിലയിൽ ബാധിച്ചിരുന്നുവെന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തിയിരുന്നോ? വിനോദ സഞ്ചാര വകുപ്പ് പ്രത്യേകമായി വിലയിരുത്തിയിട്ടില്ലെന്നാണ് അതിന് മറുപടിയായി പറഞ്ഞിരിക്കുന്നത്. പതിനാലാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിട്ട 225-ാം നമ്പർ ചോദ്യത്തിനും ഇതേ മറുപടിയാണ് നൽകിയിരിക്കുന്നത്. ടൂറിസം വകുപ്പ്

സെക്രട്ടറി റിപ്പോർട്ട് നൽകിയെന്ന് എക്സൈസ് വകുപ്പുമന്ത്രി പറയുന്നു. ഞങ്ങൾ പരിശോധിച്ചിട്ടില്ലെന്ന് വിനോദസഞ്ചാര വകുപ്പുമന്ത്രി പറയുന്നു. അന്ന് മന്ത്രി അറിയാതെ കാര്യങ്ങൾ നടന്നതാണോ അതോ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചതാണോ എന്നൊന്നും ഞാനിപ്പോൾ പറയുന്നില്ല. കാരണം ടൂറിസം വകുപ്പുമന്ത്രി അറിഞ്ഞുകൊണ്ടല്ല, ആര് മന്ത്രിയായാലും മാസത്തിൽ 40 യോഗം ചേരാറുണ്ട്. ടൂറിസം വകുപ്പുമന്ത്രി അറിഞ്ഞിട്ടാണോ ഒരു ഡെസ്റ്റിനേഷന്റെ ബാത്ത് റൂമിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്? ഈ ഗവൺമെന്റിലെ രണ്ട് മന്ത്രിമാരും ഒരേ അഭിപ്രായമാണ് പറഞ്ഞത്. എന്നാൽ അന്നത്തെ ഗവൺമെന്റിലെ രണ്ട് മന്ത്രിമാരും രണ്ട് അഭിപ്രായമാണ് ഇതുമായി ബന്ധപ്പെട്ട് പറഞ്ഞത്. ഡയറക്ടർ യോഗം വിളിച്ചുചേർത്തത് മന്ത്രി അറിഞ്ഞിട്ടില്ലെങ്കിൽ മന്ത്രി ഈ പണിക്ക് പറ്റുമോയെന്നാണ് ഇവിടെ ചിലർ ചോദിച്ചത്. അത് ഇൻസ്റ്റാഗ്രാമിൽ ബി.ജി.എം. ഒക്കെയിട്ട് കൊടുക്കാൻ നല്ലതാണ്. ആ ചോദ്യം തൊട്ടുപുറകിലുള്ള ആളോടുള്ള ചോദ്യമായിരുന്നുവെന്നുള്ളത് ഞാൻ അന്നും സഭയെ അറിയിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: യെസ്... യെസ്...

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ചില കാര്യങ്ങൾ സ്വാഗതം ചെയ്യുകയാണ്. കാരണം പത്രങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇവിടെ ഒന്നും പറയാൻ പാടില്ലെന്നുള്ളത് അങ്ങയുടെ ഭാഗത്ത് നിൽക്കുന്ന ആളുകളോട് പറഞ്ഞാൽ അവർ ഇത് ആവർത്തിച്ചാൽ വിലക്കാനായി ബഹുമാനപ്പെട്ട മന്ത്രിതന്നെ മുന്നോട്ടുവരണമെന്നാണ് പറയാനുള്ളത്. അങ്ങ് എന്തുപറഞ്ഞാലും ഈ മീറ്റിംഗ് ടൂറിസം ഡയറക്ടർ വിളിച്ചിട്ടുള്ള അജണ്ടയിൽ പറഞ്ഞിരിക്കുന്നത്, Topic: 'Excise Policy Renewal meeting for Tourism Department' എന്നാണ്. ടൂറിസം ഡയറക്ടർ 40 മീറ്റിംഗോ 400 മീറ്റിംഗോ വിളിക്കട്ടെ. ആ ഡിപ്പാർട്ടുമെന്റിലല്ലാത്ത മറ്റൊരു ഡിപ്പാർട്ടുമെന്റ് ഫോർമുലേറ്റ് ചെയ്യേണ്ടുന്ന ഒരു പോളിസിയെ സംബന്ധിച്ച് എങ്ങനെയാണ് ടൂറിസം ഡയറക്ടർ മീറ്റിംഗ് വിളിക്കുന്നത്; Excise Policy Renewal എന്ന അജണ്ട പറഞ്ഞുകൊണ്ട് മീറ്റിംഗ് വിളിക്കാൻ ടൂറിസം ഡയറക്ടർക്ക് അധികാരമുണ്ടോ; അല്ലെങ്കിൽ ഇല്ലാത്ത അധികാരമുപയോഗിച്ച ആ ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കാൻ അങ്ങ് മുന്നോട്ടുവരുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പറഞ്ഞത് വീണ്ടും ആവർത്തിക്കുകയാണ്.

മി. സ്പീക്കർ: അതെ... അതെ...

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നേരത്തെ യു.ഡി.എഫ്. ഭരിച്ചപ്പോഴുള്ള മിനിട്ട്സ് എടുത്ത് പരിശോധിക്കണം. അത് എന്റെ കയ്യിലുണ്ട്. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട പല യോഗങ്ങളും വിളിച്ച് ചേർക്കാറുണ്ട്. ഇത് ഇങ്ങനെ ഇംപ്ലിമെന്റ് ചെയ്യാൻ വിളിച്ച യോഗമാണെങ്കിൽ ആരെങ്കിലും ഓൺലൈനിൽ യോഗം വിളിക്കുമോ; ആരെങ്കിലും ഇവന്റ് മാനേജ്മെന്റ് അസോസിയേഷനെയും ഇതുമായി ഒരു ബന്ധവുമില്ലാത്ത കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷനെയും വിളിക്കുമോ? ഇത് വളരെ വ്യക്തമായി അറിയുന്ന കാര്യമാണ്. പറഞ്ഞതുതന്നെ വീണ്ടും ആവർത്തിച്ച് അതിന് വീണ്ടും മറുപടി പറയുന്ന രീതി ശരിയല്ല. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. ഭരിക്കുന്ന കാലത്തും ഇതുപോലെയുള്ള വിഷയങ്ങളുണ്ടായിട്ടുണ്ട്. ആ മേഖലയിൽനിന്ന് ഇപ്പോഴും അത് ഉയർന്നുവരുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഇതുവരെയും ഒരു

നിർദ്ദേശവും നിലപാടും പറഞ്ഞിട്ടില്ലെന്നത് ഒരിക്കൽക്കൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഒന്നാം തീയതി ഡ്രൈ ഡേ ആചരിക്കുമ്പോൾ ദേശീയ അന്തർദ്ദേശീയ കോൺഫറൻസുകളിൽനിന്ന് സംസ്ഥാനം ഒഴിവാക്കപ്പെടുന്നുവെന്ന് ടൂറിസം വകുപ്പിന് അഭിപ്രായമുണ്ടോ; ഇക്കാരണത്താൽ ഒന്നാം തീയതി ഡ്രൈ ഡേ ഒഴിവാക്കണമെന്ന് അഭിപ്രായമുണ്ടോ; വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യത്തിന്റെ ലഭ്യത ഉറപ്പാക്കുന്ന തരത്തിൽ ഉദാരനയം സ്വീകരിക്കുന്നതിലൂടെ മദ്യനയത്തിൽ മാറ്റം വരുത്തിയതിലൂടെ കേരളത്തിലേയ്ക്ക് സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുമെന്ന് ടൂറിസം വകുപ്പിന് അഭിപ്രായമുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇപ്പോഴാണ് ഒരു യോഗം വിളിച്ചു ചേർത്തത്. അതും അദ്ദേഹം സഭയെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരെ വിളിക്കുമ്പോൾ എന്തൊക്കെയാണ് പറയേണ്ടതെന്ന് ഞങ്ങൾ ചർച്ച ചെയ്ത്

തീരുമാനിക്കും. അതിൽ ബഹുമാനപ്പെട്ട അംഗം പ്രയാസപ്പെടേണ്ടതില്ല. സമയമാകുമ്പോൾ അത് പറഞ്ഞിരിക്കും.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കേരളത്തിൽ മദ്യനയവുമായി ബന്ധപ്പെട്ട് അനാവശ്യമായ ചില വിവാദങ്ങളും ചർച്ചകളുമാണ് രൂപപ്പെട്ടിട്ടുള്ളത്. ഈ പ്രശ്നത്തിൽ ടൂറിസം വകുപ്പിന്റെ നിലപാട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ജനങ്ങൾക്കാകെ വ്യക്തത വരുത്തത്തക്ക രീതിയിൽ ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ജനങ്ങൾക്കാകെ വ്യക്തത വന്നാലും ചിലർക്ക് വ്യക്തത വന്നുകൊള്ളണമെന്നില്ല. കേരളത്തിന്റെ മദ്യനയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ചർച്ച ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. തൊഴിലാളി സംഘടനകളുടെ യോഗത്തിൽ പങ്കെടുക്കാൻ കേരളത്തിലെ ഒരു ട്രേഡ് യൂണിയൻ പ്രതിനിധിയെന്ന നിലയിൽ എനിക്കും അവസരം ലഭിച്ചിരുന്നു. ഇപ്പോഴും ഗവൺമെന്റ് ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന മദ്യനയമെന്താണെന്ന് പറഞ്ഞിട്ടില്ല. തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ കേൾക്കാനാണ് അദ്ദേഹം വിളിച്ചത്. അങ്ങനെ എല്ലാ വിഭാഗങ്ങളുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട

വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ കേരളത്തിൽ ഇന്ന് നിലവിലുള്ള മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇങ്ങനെയാണെങ്കിൽ ഞങ്ങൾ ചോദ്യോത്തര വേളയുമായി സഹകരിക്കില്ല. (മൈക്ക് ഓഫ്)....

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ടൂറിസ്റ്റ് മേഖലയിൽ കള്ള് ഷാപ്പുകൾ തുറക്കുന്നതിനുവേണ്ടിയുള്ള അവസരമുണ്ട്. ഇക്കാര്യത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ഏതെങ്കിലും തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇതിൽ ഇടപെടലുകൾ നടത്താം. നമ്മുടെ സംസ്ഥാനത്തുവരുന്ന വിദേശ സഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും എണ്ണം ഇനിയും വർദ്ധിപ്പിക്കാനുണ്ട്. ടൂറിസം രംഗത്തുള്ള മുന്നേറ്റം നമ്മുടെ

നാടിന്റെ വരുമാനത്തിലും മറ്റും വലിയ നിലയിലുള്ള കുതിപ്പിന് കാരണമാകും എന്നുള്ളതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് എല്ലാ മേഖലകളിലും ചർച്ചകൾ നടത്താൻ ടൂറിസം വകുപ്പ് തയ്യാറാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിന് വലിയൊരു വരുമാന സ്രോതസ്സായി ടൂറിസം മേഖല വളർന്നുകൊണ്ടിരിക്കുകയാണ്. ലോകമാകെ അംഗീകരിക്കപ്പെടുന്ന ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് രൂപം നൽകാനും ലോകത്ത് പരിചയപ്പെടുത്താനും ഇപ്പോൾ ഗവൺമെന്റിന്റെയും വകുപ്പിന്റെയും നേതൃത്വത്തിൽ നല്ല രീതിയിലുള്ള പരിശ്രമമാണ് നടത്തിവരുന്നത്. അതിന്റെ ഭാഗമായി വരുന്ന ആഭ്യന്തര/വിദേശ സഞ്ചാരികൾ പ്രധാനമായും താൽപര്യപ്പെടുന്നത് ടെന്റുകളിൽ താമസിക്കാനാണ്. ആയതിനാൽ കാരവൻ ടൂറിസമുൾപ്പെടെ വളർത്തിയെടുക്കേണ്ടതുണ്ട്. മൊബൈൽ യൂണിറ്റുകൾപോലെ, ബിയറിൽ കുറച്ചുകൂടി ലഹരി ചേർത്തുകൊണ്ടുള്ള മിനി ബ്രൂവറീസ് ആരംഭിക്കാൻ കഴിയുമോ; കെ.ടി.ഡി.സി. ഹോട്ടലുകളിലും മിനി ബ്രൂവറീസ് ഉപയോഗപ്പെടുത്താൻ കഴിയാവുന്ന രീതിയിലുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മദ്യനയവുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം എക്സൈസ് വകുപ്പിനാണ്. എക്സൈസ് വകുപ്പ് ഇക്കാര്യങ്ങൾ എല്ലാ മേഖലകളിലുമുള്ളവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ എക്സൈസ് വകുപ്പ് വിളിക്കുമ്പോൾ പോസിറ്റീവായ രീതിയിൽ മുന്നോട്ട് പോകാവുന്നതാണ്.

## വിദ്യാലയങ്ങളുടെ പശ്ചാത്തല വികസനം

2 (*92) ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വിദ്യാലയങ്ങളുടെ പശ്ചാത്തല വികസന രംഗത്തുണ്ടായ പുരോഗതി വിശദമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ 202 സ്കൂളുകളിലും 2022-23 സാമ്പത്തിക വർഷത്തിൽ 211 സ്കൂളുകളിലും 2023-24-ൽ 222 സ്കൂളുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സംസ്ഥാനത്തെ 68 ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി 'ബാരിയർ ഫ്രീ' എന്ന പദ്ധതി ആരംഭിക്കുകയും 2022-23 വർഷത്തിൽ 161 സ്കൂളുകളിലും 2023-24-ൽ 117 സ്കൂളുകളിലും

ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ നിലനിർത്തുന്നതിനും മെയിന്റനൻസ് പ്രവൃത്തികൾ നടത്തി സംരക്ഷിക്കുന്നതിനുമായി 'അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ആകസ്മിക സഹായം' എന്ന പദ്ധതി ആരംഭിക്കുകയും 2022-23 വർഷത്തിൽ 163 സ്കൂളുകൾക്കും 2023-24 വർഷത്തിൽ 110 സ്കൂളുകൾക്കും ചുറ്റുമതിൽ, സംരക്ഷണ ഭിത്തി, ടോയ്‌ലറ്റ് സൗകര്യങ്ങൾ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച 'അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തര സഹായം' എന്ന പദ്ധതി പ്രകാരം 64 സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ, ഇലക്ട്രിഫിക്കേഷൻ, ഫർണിച്ചർ എന്നീ സൗകര്യങ്ങളൊരുക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ഐ.ടി. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനായി 16500 ലാപ്ടോപ്പ്, 2174 ഹൈസ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബുകളിൽ 9000 റോബോട്ടിക് കിറ്റ് എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 188 സ്കൂളുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിരുന്ന 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട 74 സ്കൂളുകളുടെയും 3 കോടി പദ്ധതിയിലെ 118 സ്കൂൾ കെട്ടിടങ്ങളുടെയും 1 കോടി പദ്ധതിയിലെ 176 സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. നിർമ്മാണം

പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ 226 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബ് നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിരുന്ന 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട 3 സ്കൂളുകളുടെയും 3 കോടി പദ്ധതിയിലെ 98 സ്കൂൾ കെട്ടിടങ്ങളുടെയും 1 കോടി പദ്ധതിയിലുൾപ്പെട്ട 119 സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

<u>ശ്രീ. എം. മുകേഷ്</u>: സർ, അക്കാദമിക് മികവ് വർദ്ധിപ്പിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്.

---

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു കുട്ടിയുടെ അക്കാദമിക് തലം ശക്തമാക്കുന്നതിന്റെ ആണിക്കല്ല് പ്രീ-പ്രൈമറി തലം മുതൽ ആരംഭിക്കുന്ന വിദ്യാഭ്യാസ പരിശീലനമാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ മികവുറ്റതാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ഈ രംഗത്ത് സ്ഥാപനങ്ങളുടെ ലൈസൻസിംഗും ഗുണനിലവാര പരിശോധനയും എങ്ങനെ നടത്താനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ആറുവയസ്സുവരെയുള്ള കാലയളവിലാണ് ഓരോ കുട്ടിയുടെയും ബ്രെയിൻ 85 ശതമാനം വളർച്ചയിലെത്തുന്നത്. അതിനാൽ ശൈശവകാല പരിചരണവും വിദ്യാഭ്യാസവും ഓരോ കുട്ടിക്കും നിർബന്ധമായും ലഭിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത് പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആദ്യമായാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് ഒരു പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുന്നത്. ഈ ചട്ടക്കൂടനുസരിച്ചുള്ള പുതിയ പാഠപുസ്തകങ്ങൾ അടുത്ത അധ്യയന വർഷത്തോടുകൂടി കുട്ടികൾക്ക് ലഭിക്കും. സമഗ്ര ശിക്ഷാ കേരളയുടെ

നേതൃത്വത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി 'വർണ്ണക്കൂടാരങ്ങൾ' എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതി സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഇതുവരെ 1108 വർണ്ണക്കൂടാരങ്ങൾ സജ്ജമാക്കിക്കഴിഞ്ഞു. ഓരോ വർണ്ണക്കൂടാരത്തിനും 10 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. കൂടാതെ, ഓരോ ജില്ലയിലും മൂന്നുവീതം മോഡൽ പ്രീ-പ്രൈമറി വിദ്യാലയങ്ങളും സജ്ജമാക്കുന്ന പദ്ധതി പുരോഗമിച്ചുവരികയാണ്. ഇതുവരെ 42 എണ്ണം പൂർത്തിയായി. വർണ്ണക്കൂടാരം പദ്ധതിയിലുൾപ്പെടുത്തി 500 എണ്ണംകൂടി ഈ വർഷം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രീ-പ്രൈമറി അധ്യാപകർക്കായി 3 ദിവസത്തെ അധ്യാപക പരിശീലന പരിപാടിയും ഓരോ വർഷവും സംഘടിപ്പിക്കുന്നുണ്ട്. ഈ മേഖലയുടെ പ്രാധാന്യമുൾക്കൊണ്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പ്രീ-പ്രൈമറി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള മാർഗ്ഗരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഹയർ സെക്കൻഡറി തലത്തിൽ രണ്ട് ദശാബ്ദങ്ങൾക്കുശേഷം പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പാക്കുകയാണെന്നും ഈ

മാസം മുതൽ അതിനുള്ള പ്രവർത്തന നടത്തുമെന്നും അങ്ങ് വ്യക്തമാക്കിയിരിക്കുകയാണ്. അടുത്ത അധ്യയന വർഷംതന്നെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്ത് പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിന്റെ ആദ്യഘട്ടമായി 1, 3, 5, 7, 9 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ 2024 മേയ് മാസംതന്നെ അച്ചടി പൂർത്തിയാക്കി വിദ്യാർത്ഥികളുടെ കയ്യിലെത്തിച്ചിരിക്കുകയാണ്. 2, 4, 6, 8, 10 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ 2025 ജൂൺ മാസത്തിൽ കുട്ടികളുടെ കൈകളിലെത്തുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്. പ്രീ-പ്രൈമറി, ഹയർ സെക്കൻഡറി മേഖലയിലും പാഠപുസ്തകങ്ങൾ ഈ വർഷംതന്നെ പരിഷ്കരിക്കുന്നതാണ്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിൽ എൻ.സി.ഇ.ആർ.ടി.-യും എസ്.സി.ഇ.ആർ.ടി. കേരളയും തയ്യാറാക്കിയ

പാഠപുസ്തകങ്ങളാണ് ഹയർ സെക്കൻഡറിയിൽ പഠനത്തിനായി ഉപയോഗിക്കുന്നത്. 2005-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ച് തയ്യാറാക്കിയ 44 പാഠപുസ്തകങ്ങളാണ് നമ്മൾ ഉപയോഗിക്കുന്നത്. പരിഷ്ക്കരണത്തിന്റെ ആദ്യഘട്ടമെന്നുള്ള നിലയിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണ നടപടികൾ ആരംഭിക്കും. 2026-ഓടുകൂടി പരിഷ്ക്കരിച്ച നടപടികൾ പൂർത്തീകരിക്കും. ജൂലൈ ആദ്യവാരംതന്നെ സംസ്ഥാനതല ശില്പശാല നടത്തും. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായംകൂടി സ്വീകരിച്ചശേഷമാണ് ഈ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മുദ്രാവാക്യം. സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങളുടെ വിദ്യാഭ്യാസ മികവിന് ഈ അധ്യയന വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിവരിക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യമാണ് പൊതുവിദ്യാഭ്യാസ വകുപ്പിനുള്ളത്.

അതിനുവേണ്ടിയുള്ള സജീവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ചേർത്തുനിർത്തി അവർക്കാവശ്യമായ പിന്തുണ നൽകി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ട്രൈബൽ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വ്യത്യസ്തമായ നിരവധി പദ്ധതികൾ എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരികയാണ്. ഇടമലക്കുടി, നിലമ്പൂർ, പാലക്കാട്, മലക്കപ്പാറ തുടങ്ങിയ മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് 'പഠിപ്പുറസി' എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരള മഹിളാ സമഖ്യാ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'ഗോത്രയാനം' പദ്ധതിയും കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയുമായി സഹകരിച്ചുകൊണ്ട് കലാപരിശീലനവും ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഏപ്രിൽ മാസത്തിൽ 35 വിദ്യാർത്ഥികളുടെ പരിശീലനം പൂർത്തിയാക്കാൻ കഴിഞ്ഞു. നിലമ്പൂർ അപ്ലൈഡ് ഡ്രാമയിൽ പരിശീലനം നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ മക്കൾക്കായി

സ്പെഷ്യൽ ട്രെയിനിംഗ് സെന്റർവഴി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരികയാണ്. വിദ്യാഭ്യാസ മേഖലയിൽ ട്രൈബൽ കുട്ടികൾക്കായി സർക്കാരിന്റെ വിവിധ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയും ഈ വർഷംതന്നെ ആരംഭിക്കും. എല്ലാ കുട്ടികളും സ്കൂളിൽ ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി മേഖലയിൽ മികച്ച വിജയം നേടാൻ കുട്ടികളെ സഹായിക്കുക, കൊഴിഞ്ഞുപോക്ക് പൂർണ്ണമായും അവസാനിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി, ആരോഗ്യം, തദ്ദേശസ്വയംഭരണം, കായികം, സാസ്കാരികം, വനം എന്നീ വകുപ്പുകൾ സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, പാഠ്യപദ്ധതി പ്രവർത്തനങ്ങളെപ്പോലെ തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യപരിഗണന നൽകേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഒളിമ്പിക്സ് മാതൃകയിൽ എല്ലാ മത്സരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗെയിംസ് പദ്ധതി

നടപ്പിലാക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുമായി രണ്ടുമൂന്ന് റൗണ്ട് ചർച്ച നടത്തി ചില രൂപരേഖകൾ തയ്യാറാക്കി വരികയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമാണ് കായികവിദ്യാഭ്യാസം. വ്യക്തിശുചിത്വം, പരിസരശുചിത്വം, ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ, ജീവിതരീതി, ഭക്ഷണശീലങ്ങൾ എന്നിവയെക്കുറിച്ച് ശരിയായ ധാരണ കുട്ടികൾക്കിടയിൽ സൃഷ്ടിക്കുന്നതിന് കായിക വിദ്യാഭ്യാസത്തിന് നിർണ്ണായക പങ്കുവഹിക്കാൻ കഴിയും. കായികവിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമവും വിദ്യാർത്ഥി കേന്ദ്രീകൃതവുമാക്കാനുമുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പുതുക്കിയ പാഠപുസ്തകങ്ങൾ ഇതിനോടകം വിദ്യാലയങ്ങളിൽ എത്തിയിട്ടുണ്ട്. പ്രൈമറി തലത്തിൽ 'ഹെൽത്തി കിഡ്സ്' പദ്ധതി നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ സ്പോർട്സ് വിദ്യാലയങ്ങൾക്ക്

പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കണമെന്ന് നവകേരള സദസ്സിൽ ഉയർന്നുവന്ന ആവശ്യത്തെത്തുടർന്ന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ അതിന്റെ സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. തുടർന്ന് കായികവകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ സ്പോർട്സ് വിദ്യാലയങ്ങൾക്കായി പ്രത്യേക പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ സ്കൂൾ വിദ്യാഭ്യാസത്തിനാകെ മാതൃകയാകുന്ന തരത്തിലാണ് സംസ്ഥാനത്ത് സ്കൂൾ കായികമേളകൾ സംഘടിപ്പിക്കുന്നത്. ഗെയിംസ് ഇനങ്ങൾ ഒരുസമയത്തും അത്‌ലറ്റിക് ഇനങ്ങൾ മറ്റൊരു സമയത്തും നടത്തുന്ന രീതി മാറ്റി സ്കൂൾ ഒളിമ്പിക്സ് നടത്തുന്നതിനുള്ള സാധ്യതകൾ സർക്കാർ തേടുന്നുണ്ട്. അതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തി സ്കൂൾ ഒളിമ്പിക്സ് ഈ വർഷം തന്നെ നടത്താനുള്ള ശ്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചരിത്രത്തിൽ ഇടം പിടിക്കുന്ന മറ്റൊരു തീരുമാനത്തിനുകൂടി സംസ്ഥാന സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഭിന്നശേഷി കുട്ടികൾക്കായുള്ള ഇൻക്ലൂസീവ്

സ്പോർട്സ് മാനുവൽ പദ്ധതിയുടെ തുടർച്ചയായി ആ കുട്ടികളെക്കൂടി പരിഗണിക്കുവാൻ ഇൻക്ലൂസീവ് സ്പോർട്സ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്പെഷ്യൽ ഒളിമ്പിക്സ് മാതൃകയിൽ ആദ്യമായിട്ടായിരിക്കും ഒരു സംസ്ഥാനത്ത് ഭിന്നശേഷി കുട്ടികൾക്കായി ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്. സ്കൂൾ കുട്ടികൾക്കിടയിൽ യോഗാ പരിശീലനത്തിനായി ഒന്ന് മുതൽ പത്താം ക്ലാസ് വരെയുള്ളവർക്കായി യോഗയ്ക്കുവേണ്ടി പ്രത്യേകം പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വർഷവും കുട്ടികൾക്കായി സംസ്ഥാന യോഗാ ഒളിമ്പ്യാട്ടും സംഘടിപ്പിച്ചുവരുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനം ഡിസംബർ അവസാനത്തോടുകൂടി മുഴുവൻ അധ്യാപകർക്കും നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നതിനാൽ കേരളത്തിന്റെ മറ്റൊരു മാതൃകയാണ് അതിലൂടെ കാണാൻ സാധിക്കുന്നത്. എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഗുണപരമായ ഉപയോഗം മുൻനിർത്തി ഇക്കാര്യം വിദ്യാർത്ഥികളിലെത്തിക്കാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ്മുറികൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. 45000 ക്ലാസ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കി. അധ്യാപകർക്ക് മുഴുവൻ പരിശീലനവും പല ഘട്ടങ്ങളിലായി നൽകിക്കഴിഞ്ഞു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ടെക്നോളജിയെ ക്ലാസ്മുറിക്കുള്ളിൽ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താതെ മുന്നോട്ടുപോകാൻ കഴിയില്ല. ജീവിതത്തിന്റെ നാനാതുറകളിൽ ഇന്ന് നിർമ്മിതബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ഈ സാധ്യതയെ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കുകയെന്ന പ്രധാനപ്പെട്ട കാര്യമാണ് സംസ്ഥാന സർക്കാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസമേഖലയിൽ അവധിക്കാലത്ത് ആരംഭിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലന പരിപാടി ഇതിന്റെ തുടക്കമാണ്. ഈ വർഷം കഴിയുന്നതോടെ മുഴുവൻ അധ്യാപകർക്കും ഈ പരിശീലനം നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പരിശീലനത്തോടെ ലഭിക്കുന്ന കാര്യങ്ങൾ അധ്യാപകർ

ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്തിയാൽ ഓരോ പാഠഭാഗങ്ങളും ലളിതവും സമഗ്രവുമായ രീതിയിൽ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാൻ കഴിയും. ഓരോ വിഷയത്തിലും എങ്ങനെ ഈ ടെക്നോളജിയെ ഉപയോഗപ്പെടുത്താമെന്ന കാര്യം കൂടുതൽ ആഴത്തിൽ മനസ്സിലാക്കി ഭാവിപരിപാടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്യും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അങ്ങ് കുറേയേറെ സ്കൂളുകൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. അത് പലതും പൂർത്തീകരിക്കാതെയും പണി തുടങ്ങാതെയും കിടക്കുന്നത് അങ്ങ് പരിശോധിക്കണം. എന്റെ ചോദ്യം, എസ്.എസ്.എൽ.സി. അടക്കമുള്ള പൊതുപരീക്ഷകളിൽ വിജയശതമാനം കൂട്ടുകയെന്ന നിലപാട് സ്വീകരിക്കുന്ന രീതി കഴിഞ്ഞ കുറേക്കാലങ്ങളായി സംസ്ഥാനമൊട്ടാകെ കണ്ടുകൊണ്ടിരിക്കുകയാണ്. അതിനൊരു മാറ്റം വരുത്താൻ അങ്ങ് ആഗ്രഹിക്കുന്നുവെന്ന് താങ്കളുടെ ഒരു പ്രസംഗത്തിൽ സൂചിപ്പിക്കുകയും ചെയ്തിരുന്നു. എസ്.എസ്.എൽ.സി. അടക്കമുള്ള അത്തരം പൊതുപരീക്ഷകളിൽ

കുട്ടികൾക്ക് നിർബന്ധമായ/നിശ്ചിതമായ മാർക്ക് കരസ്ഥമാക്കണമെന്ന തലത്തിലേയ്ക്ക് ഒരു മാറ്റം വരുത്താൻ വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അതിലൂടെ കുട്ടികളുടെ പാഠ്യപ്രവർത്തനങ്ങളിൽ ഉന്നതിയുണ്ടാകുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് ഇവിടെപ്പറഞ്ഞത് വളരെ ഗൗരവമുള്ളതും സഭയൊന്നാകെ ചർച്ചചെയ്യേണ്ടതുമായ വിഷയമാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് സംസാരിച്ചിരുന്നു. നമ്മുടെ മുന്നിലുള്ള പ്രശ്നമെന്തെന്നാൽ, ഒന്ന് മുതൽ ഒമ്പതാം ക്ലാസ് വരെ മുഴുവൻ കുട്ടികൾക്കും പ്രമോഷൻ നൽകുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനപ്രകാരമാണ് അത്തരമൊരു രീതിയിലേയ്ക്ക് പോയത്. ഇന്ന് കേന്ദ്ര ഗവൺമെന്റ് ആ തീരുമാനം പിൻവലിച്ചെങ്കിലും വിദ്യാർത്ഥിപക്ഷത്ത് നിന്നുകൊണ്ട് കേരള ഗവൺമെന്റ് അത് പിൻവലിച്ചില്ല. എസ്.എസ്.എൽ.സി. പരീക്ഷയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നിലവിൽ ഒന്നര മണിക്കൂർ ദൈർഘ്യമുള്ളതും രണ്ടര മണിക്കൂർ ദൈർഘ്യമുള്ളതുമായ രണ്ടുതരം പരീക്ഷകളാണ് നടക്കുന്നത്. ഒന്നര മണിക്കൂർ

ദൈർഘ്യമുള്ള പരീക്ഷയുടെ 100 മാർക്കിന്റെ ചോദ്യത്തിൽ 20 മാർക്കിന്റെ ചോദ്യം നിരന്തരം മൂല്യനിർണ്ണയത്തിനുവേണ്ടി അധ്യാപകന് തന്നെ കൊടുക്കാൻ കഴിയുന്നതായതിനാൽ അതിൽ ഒരു മാനദണ്ഡവുമില്ല. അപ്പോൾ ഏത് അധ്യാപകനും ഏത് കുട്ടിക്കുവേണമെങ്കിലും 20 മാർക്ക് കൊടുക്കാം. ബാക്കി അവശേഷിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതേണ്ടത് 80 മാർക്കിന് മാത്രമാണ്. അങ്ങനെ 80 മാർക്കിന് പരീക്ഷയെഴുതുന്ന കുട്ടി 10 മാർക്കിന്റെ ശരിയുത്തരം കൂടിയെഴുതിയാൽ നേരത്തെ കൊടുത്ത ഇരുപതും പത്തും കൂടി ചേർക്കുമ്പോൾ 30 മാർക്കായി മാറുകയും ആ കുട്ടി പാസ്സാകുകയും ചെയ്യും. 50 മാർക്കിന്റെ ചോദ്യത്തിലാണെങ്കിൽ 10 മാർക്ക് അധ്യാപകൻ സംഭാവന ചെയ്യുകയും ബാക്കി 5 മാർക്കിന് ഉത്തരമെഴുതിയാൽ ആ കുട്ടി വിജയിക്കും. ഈ രീതിയിൽ സംയുക്തമായി സഭ തീരുമാനിച്ച് ഒരു മാറ്റം വരുത്തേണ്ടതായിട്ടുണ്ടെന്നുമാത്രമല്ല സബ്ജക്ടിന് മിനിമം മാർക്ക് ഏർപ്പെടുത്തുകയും വേണം. സബ്ജക്ടിന് മിനിമം മാർക്ക് ഏർപ്പെടുത്തുമ്പോൾ അധ്യാപകരും പി.ടി.എ.-യും കുട്ടികളും രക്ഷകർത്താക്കളും സജ്ജീവമാകും. ഇന്നിപ്പോൾ ദേശീയാടിസ്ഥാനത്തിൽ പത്തോളം ദേശീയ മത്സരപരീക്ഷകൾ

നടക്കുകയാണ്. സെൻട്രൽ യൂണിവേഴ്സിറ്റികളിലെ പ്രവേശനം എൻട്രൻസ് പരീക്ഷകളിലൂടെയാണ് നടത്തുന്നത്. നമ്മുടെ കുട്ടികൾ ദേശീയാടിസ്ഥാനത്തിൽ നടക്കുന്ന മത്സരപരീക്ഷകളിൽ മുന്തിയ സ്ഥാനത്തെത്തണമെങ്കിലോ സെൻട്രൽ യൂണിവേഴ്സിറ്റികളിലും മറ്റും നമ്മുടെ കുട്ടികളുടെ സാന്നിദ്ധ്യം ഉറപ്പാക്കണമെങ്കിലോ സബ്ജക്ട് മിനിമം ഉണ്ടാകണം. എത്രമാത്രം പ്രയാസപ്പെട്ടിട്ടാണ് ഒരു എസ്.എസ്.എൽ.സി. പരീക്ഷ നടത്തുന്നത്. റിസൾട്ട് വരുമ്പോൾ 99 ശതമാനത്തിൽ കൂടുതൽ വിജയമുണ്ടാകുന്നു. 10 % റിസൾട്ട് കുറഞ്ഞാൽ പത്രക്കാർ ഇത് ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും കുഴപ്പമാണെന്ന രീതിയിലുള്ള നിലപാട് സ്വീകരിക്കും. അതുകൊണ്ട് മിനിമം മാർക്ക് കുട്ടികൾക്ക് കിട്ടത്തക്ക രൂപത്തിലുള്ള സംവിധാനമുണ്ടാക്കുകയും അധ്യാപകർ അതിനനുസരിച്ച് പരിശീലിപ്പിക്കുകയും എല്ലാ നിലയിലും ആ നില കൊണ്ടുവരുന്നതിനുള്ള ആലോചന നടത്തുകയും വേണം. ഒരു വിദ്യാഭ്യാസ കോൺക്ലീവ് സംഘടിപ്പിച്ചപ്പോൾ അതിൽ കരിക്കുലം കമ്മിറ്റി മെമ്പർമാരും വിദ്യാഭ്യാസ രംഗത്തെ പ്രമുഖരും അധ്യാപകരും അധ്യാപക സംഘടനാ നേതാക്കന്മാരും വിദ്യാർത്ഥി

സംഘടനാ നേതാക്കന്മാരും പങ്കെടുക്കുകയും അവരെല്ലാം തത്വത്തിൽ യോജിക്കുന്ന സമീപനം സ്വീകരിച്ചിട്ടുള്ളതുമാണ്. ഹയർ സെക്കൻഡറിയുടെ പാഠപുസ്തകം പരിഷ്കരിച്ചിട്ട് പതിനഞ്ച് വർഷമായി. അതിനുമുമ്പുള്ള കാര്യങ്ങളാണ് ഇപ്പോഴും കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 10 വർഷത്തിനുമുമ്പ് പരിഷ്കരിച്ചവയാണ്. ഇത്തരം മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും പ്രതിപക്ഷത്തിന്റെയും പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, നമ്മുടെ വിദ്യാഭ്യാസ അന്തരീക്ഷത്തിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ക്രിയാത്മകമായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിവരുന്നത്. അതിലേറ്റവും പ്രധാനമാണ് ആയിരത്തിലും അഞ്ഞൂറിലും കൂടുതലും കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മൂന്ന് കോടിയുടെയും ഒരു കോടിയുടെയും കെട്ടിടനിർമ്മാണത്തിനുള്ള അനുമതി കിഫ്ബി പദ്ധതിയിലൂടെ നൽകുകയുണ്ടായത്. പക്ഷേ ചില സാങ്കേതികപ്രശ്നങ്ങളിൽ കുടുങ്ങി മിക്ക

സ്കൂളുകളിലെയും നിർമ്മാണ പ്രവൃത്തികൾ ഇന്ന് സ്തംഭനാവസ്ഥയിലാണ്. കിഫ്ബിയുടെ ഉന്നത ഉദ്യോഗസ്ഥന്മാരെക്കൂടി ഉൾപ്പെടുത്തി ഒരു ഉന്നതതല യോഗം വിളിച്ചുചേർത്ത് ഈ സ്തംഭനാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ ഗൗരവമുള്ള ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഞാൻ ചുമതലയേറ്റശേഷം രണ്ടുപ്രാവശ്യം മണ്ഡലാടിസ്ഥാനത്തിൽ കെട്ടിടങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള യോഗം വിളിച്ചു ചേർത്തിരുന്നു. കാര്യങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോകുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായവുമുണ്ടായിരുന്നു. നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നത് ഏജൻസികളാണ്. പല ഏജൻസികളും കൊടുത്തിരിക്കുന്ന കരാറുകാർ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നില്ലെന്നൊരു പ്രശ്നമുണ്ട്. പൈസ കൊടുക്കാത്തതല്ല. 5 കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അത് വളരെ പ്രോഗ്രസീവാണ്. ഇനി രണ്ട് സ്കൂളുകളുടെ പ്രവൃത്തികളാണ് അവശേഷിക്കുന്നത്. 3 കോടി

രൂപയുടെ പദ്ധതിയിലുൾപ്പെട്ട 386 സ്കൂളുകളിൽ 174 സ്കൂളുകളുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനിരിക്കുകയാണ്. 94 സ്കൂളുകളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. ഒരു കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് 446 സ്കൂളുകളാണ്. അതിൽ 176 കെട്ടിടങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വിദ്യാഭ്യാസ രംഗത്ത് പരീക്ഷാ സമ്പ്രദായത്തിൽ വരുത്താൻ പോകുന്ന വിപ്ലവകരായ മാറ്റത്തിന് കേരളീയ സമൂഹം എല്ലായിപ്പോഴും അങ്ങയോട് കടപ്പെട്ടിരിക്കുമെന്ന് ഞാൻ കരുതുകയാണ്. പരീക്ഷാ സമ്പ്രദായത്തിൽ വലിയമാറ്റമുണ്ടായെങ്കിൽ മാത്രമെ വിദ്യാഭ്യസ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. പ്ലസ് വൺ അഡ്മിഷൻ എന്നുപൂർത്തീകരിക്കും; ക്ലാസ് എന്ന് ആരംഭിക്കാൻ കഴിയും?

ശ്രീ. വി. ശിവൻകുട്ടി: സർ, മൂന്നാംഘട്ട അലോട്ട്മെന്റ് ഇന്നലെ രാത്രിയിൽ പ്രസിദ്ധീകരിച്ചു. മുഖ്യ അലോട്ട്മെന്റുപ്രകാരം പ്രവേശനം ജൂൺ മാസം 21-ാം തീയതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂൺ 24-ന് ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയും. എല്ലാ കാര്യങ്ങളും സമയബന്ധിതമായി ചെയ്യുകയാണ്. പ്രഖ്യാപിച്ച സമയത്തുതന്നെ കാര്യങ്ങൾ നടത്തിക്കൊണ്ട് പോകുകയാണ്.

## സാഹസിക വിനോദസഞ്ചാരം

3(*93) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാര പരിപാടികൾ സംഘടിപ്പിക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനം എന്ന നിലയിൽ ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഇത്തരം പരിപാടികളിൽ അപകടസാധ്യത ഒഴിവാക്കുന്നതിനും അപ്രതീക്ഷിത അപകടങ്ങൾ നേരിടുന്നതിനും എന്തെല്ലാം മുൻകരുതൽ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ചുള്ള പ്രവർത്തനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര മേഖലയിലൂടെ കൂടുതൽ വരുമാനമുണ്ടാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ&ബി) സാഹസിക വിനോദസഞ്ചാര പരിപാടികൾ സംഘടിപ്പിക്കാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. കേരളത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേനയാണ് സാഹസിക വിനോദസഞ്ചാര പരിപാടികൾ ആസൂത്രണം ചെയ്യാറുള്ളത്. കേരള

അഡ്വഞ്ചർ & ആക്ടിവിറ്റി ബെയ്സ്ഡ് ടൂറിസവുമായി ബന്ധപ്പെട്ട് യൂണിറ്റുകളുടെ രജിസ്ട്രേഷൻ, സുരക്ഷാ മാനദണ്ഡങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചും ടെക്നിക്കൽ എക്സ്പേർട്ടുകളുടെ പാനലിന് അംഗീകാരം നൽകിയും ഉത്തരവായിട്ടുണ്ട്.

കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റഗുലേഷൻസ് പ്രകാരം കേരളത്തിൽ 60 AAP (Adventure Activity Providers)-ന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സാഹസിക ടൂറിസം മേഖലയിൽ പുതുതായി മൂവായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്.

സാഹസിക ടൂറിസം പരിപോഷിപ്പിക്കുന്നതിനോടൊപ്പംതന്നെ വകുപ്പ് പ്രഥമ പരിഗണന നൽകുന്നത് ആ മേഖലയിൽ മെച്ചപ്പെട്ട സൗകര്യവും, ഗുണനിലവാരമുള്ള ഉപകരണങ്ങളും ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്നതിനാണ്.

കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി " Adventure Tourism Safety and Security Guidelines" അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ കൂടുതൽ പ്രചാരത്തിലുള്ള 30 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾക്കൊള്ളിച്ചാണ് മേൽ റെഗുലേഷൻസ് പുറത്തിറക്കിയിട്ടുള്ളത്. ഇതിനുപുറമെയുള്ള മറ്റ് സാഹസിക ടൂറിസം ആക്റ്റിവിറ്റികൾക്കായി പൊതുവായ സുരക്ഷാ മാർഗ്ഗനിർദേശങ്ങളും റെഗുലേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ 26-07-2021-ലെ സ.ഉ(കൈ)നം.13/2021/ടൂറിസം നമ്പർ ഉത്തരവുപ്രകാരം കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി &സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവുകളിലെ നിർദ്ദേശപ്രകാരം സാഹസിക വിനോദ പരിപാടികൾ ചിട്ടയായും, അപകടരഹിതമായും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും, ബന്ധപ്പെട്ട ഏജൻസികൾക്കും നൽകിയിട്ടുണ്ട്.

12-10-2023-ന് ചേർന്ന ടൂറിസം മിഷൻ മീറ്റിംഗിൽ ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് ബ്രിഡ്ജ് എന്നിവയുടെ സാങ്കേതിക പരിശോധന എൻ.ഐ.ടി മുഖാന്തരം നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. പദ്ധതികളിൽ വരുത്തുന്ന വീഴ്ച, ക്രമക്കേട് എന്നിവയ്ക്ക് ബന്ധപ്പെട്ട വ്യക്തികളുടെമേൽ ഉത്തരവാദിത്വം വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവ സംബന്ധിച്ച് സുരക്ഷാ പരിശോധന നടത്താൻ എൻ.ഐ.ടി-യോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.ടി-യുടെ വിദഗ്ധ സംഘത്തിന്റെ പരിശോധന തുടർന്നുവരികയാണ്.

30-05-2024-ലെ DOT/7259/2023-P9 നമ്പർ നടപടിക്രമപ്രകാരം, സാഹസിക ടൂറിസം ആക്ടിവിറ്റികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട ചുമതല കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകി ടൂറിസം ഡയറക്ടർ ഉത്തരവായിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ അപ്രതീക്ഷിതമായുണ്ടാകുന്ന ശക്തമായ മഴയുടെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും വേളയിൽ വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തിക്കൊണ്ട്

സാഹസിക ടൂറിസം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും നിർദ്ദേശം നൽകിവരുന്നു.

(സി) വിവിധ മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ മലബാർ റിവർ ഫെസ്റ്റിവൽ, MTB കേരള, പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ, അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ, ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവൽ എന്നിവ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സെമിനാറുകളും, ബോധവൽക്കരണ ക്യാമ്പുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെയും, ഡി.റ്റി.പി.സി-കളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

(ഡി) സാഹസിക ടൂറിസം രജിസ്ട്രേഷൻ വഴി നിരവധി സാഹസിക യൂണിറ്റുകൾ/സംരംഭങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ രജിസ്ട്രേഷൻ നടത്തിവരുന്നു. സാഹസിക വിനോദസഞ്ചാര സുരക്ഷ ഉറപ്പാക്കിക്കൊണ്ട് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ

സൊസൈറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെയും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിയ്ക്കുന്ന പുതിയ സാഹസിക വിനോദ സംരംഭങ്ങളുടെ രജിസ്ട്രേഷനിലൂടെയും കേരള സാഹസിക വിനോദസഞ്ചാരമേഖല വികസിച്ചുവരികയാണ്. ഇത്തരം സുരക്ഷിതമായ സാഹസിക വിനോദസഞ്ചാര സംരംഭങ്ങൾ സ്ഥാപിയ്ക്കുന്നതുവഴി കേരളം അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള ഭൂപ്രകൃതിയാണെന്ന് മനസ്സിലാക്കാനും, അതുവഴി നിരവധി വിദേശ/ആഭ്യന്തര സാഹസിക വിനോദസഞ്ചാര പ്രേമികളെ ആകർഷിക്കാനും സാധിക്കുന്നതാണ്. വിദേശ രാജ്യങ്ങളിലേതുപോലുള്ള ഹൈക്കിംഗ് ട്രെയിലുകളുടെ സാധ്യത പരിശോധിച്ചുവരുന്നു. ഗ്ലാമ്പിംഗിന്റെ സാധ്യത കേരളത്തിൽ നടപ്പിലാക്കാനാകുമോയെന്നകാര്യം പരിശോധിക്കുന്നുണ്ട്. സ്വകാര്യ നിക്ഷേപത്തോടെ ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് ബ്രിഡ്ജ് തുടങ്ങിയ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കി കഴിഞ്ഞു.

<u>ശ്രീ. ആന്റണി രാജു</u>: സർ, ടൂറിസം രംഗത്ത് നല്ല നേട്ടമാണ് കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. നൂതനമായ സംരംഭങ്ങൾക്ക് ഇതിനകം തുടക്കം കുറിച്ചുകഴിഞ്ഞ ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

സാഹസിക വിനോദസഞ്ചാരത്തിന് നല്ല സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. വാട്ടർ സ്പോർട്സ് ഹബ്ബാകാൻ പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ബേപ്പൂരിൽ ആരംഭിച്ച സർഫിംഗ് സ്കൂൾ മികച്ച തുടക്കവുമാണ്. പ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖത്ത് സർഫിംഗ് സ്കൂൾ ആരംഭിക്കുന്ന കാര്യവും അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവെൽ പ്രശസ്തമായ വേളി ടൂറിസ്റ്റ് വില്ലേജിൽ സംഘടിപ്പിക്കുന്ന കാര്യവും പരിഗണിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇക്കാലത്തെ ഒരു ട്രെൻഡുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രീ. ആന്റണി രാജു മുന്നോട്ടുവച്ചിട്ടുള്ളത്. സർഫിംഗ് ഇപ്പോൾ പൊതുവെ ടൂറിസം മേഖലയിൽ എല്ലാവരും ഓപ്റ്റ് ചെയ്യുന്ന കാര്യമാണ്. ഐ.ടി. രംഗത്തുള്ളവർ പ്രത്യേകിച്ച് വളരെ ദൂരെ പോയി താമസിച്ച് സർഫിംഗ് പഠിക്കാനും അതിനുവേണ്ടി സമയം ചെലവഴിക്കാനും തയ്യാറാകുന്നു. കേരളത്തിൽ ആ നിലയിൽ ഇനിയും ഡെവലപ്പ് ചെയ്യാനുള്ള സാധ്യതകളുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ രണ്ട് ഇടങ്ങളിൽ അതുണ്ട്. അതിന്റെ ഭാഗമായി മലബാറിൽ ഒരു സെർഫിംഗ് സ്കൂൾ കൊണ്ടുവരുന്ന സ്ഥിതിയുണ്ടായിരുന്നു. മറ്റ് സാധ്യതകൾകൂടി ഫലപ്രദമായി

പരിശോധിച്ച് ക്രിയാത്മകമായ/പോസിറ്റീവായ ഈ നിർദ്ദേശത്തെ എങ്ങനെ റിസൽറ്റിലേയ്ക്ക് എത്തിക്കാമെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. ആന്റണി രാജു: സർ, ആവേശവും സാഹസികതയും ഇഷ്ടപ്പെടുന്ന വിനോദസഞ്ചാരികളുടെ എണ്ണംകൂടിക്കൂടി വരുന്നൊരു കാലഘട്ടമാണിത്. തിരുവനന്തപുരത്തെ ശാസ്താംപാറയിൽ നിർദ്ദിഷ്ട സാഹസിക വിനോദസഞ്ചാര അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. മറ്റുകാര്യങ്ങൾ നമുക്ക് ചർച്ച ചെയ്ത് മുന്നോട്ടുപോകാം.

ശ്രീ. അനൂപ് ജേക്കബ്: സർ, അഡ്വഞ്ചർ ടൂറിസം അങ്ങ് ചുമതലയേറ്റ കാലം മുതൽ പറയുന്നൊരു വിഷയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൂരിമല, അരീക്കൽ വാട്ടർ ഫാൾസ് എന്നിവയുമായി ബന്ധപ്പെട്ട് ഞാൻ അങ്ങേയ്ക്ക് റിക്വസ്റ്റ് നൽകി. ഈ രണ്ട് പ്രോജക്ടുമായി ബന്ധപ്പെട്ട് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെ സംബന്ധിച്ച് അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. പദ്ധതി ഫീസിബിളാണെന്ന് കണക്കാക്കി അതിന്റെ പ്രോജക്ടും തയ്യാറാക്കി. പക്ഷേ ഒന്നര വർഷമായി അത് ഡിപ്പാർട്ടുമെന്റിലിരിക്കുന്നു. അത്

നടപ്പിലാക്കുന്നില്ല. ഈ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി ഒരു കാരണമാകുന്നുണ്ട്. ഞാൻ നൽകിയിരിക്കുന്ന റിക്വസ്റ്റുകൾ പരിഗണിച്ച് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നിമിത്തം ടൂറിസം മേഖലയുമായി ബന്ധപ്പെട്ട വിഷയം ഉയരുന്നില്ല. കേന്ദ്രസർക്കാർ എടുത്തുവരുന്ന തെറ്റായ നിലപാട് നിമിത്തമാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരിക്കുന്നത്. പക്ഷേ അത് ടൂറിസം മേഖലയെ ഒരുതരത്തിലും ബാധിക്കാത്ത വിധത്തിൽ ധനകാര്യ വകുപ്പുമന്ത്രി എല്ലാനിലയിലും ടൂറിസത്തിന് ഒരു പ്രത്യേക പരിഗണന നൽകി മുന്നോട്ടുപോകുന്നുണ്ട്. അതോടൊപ്പം ടൂറിസം ഇൻവേസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചതോടുകൂടി ഈ മേഖലയിൽ പി.പി.പി. മോഡലിൽ കാര്യങ്ങൾ നടത്താനുള്ള സാധ്യതയും മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് പറഞ്ഞിട്ടുള്ള വിഷയങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നത് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സാഹസിക ടൂറിസം രംഗത്ത് കേരളത്തിന്റെ എല്ലാ സാധ്യതകളും വിനിയോഗിക്കാൻ വകുപ്പ് നടത്തുന്ന ഇടപെടലുകൾ അഭിനന്ദനാർഹമാണ്. മലബാർ റിവർ ഫെസ്റ്റിവെൽ മാതൃകയിൽ കോന്നിയിൽ കയാക്കിംഗ് ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് വകുപ്പ് ആലോചിച്ചിട്ടുണ്ടോ; അത് പരിഗണനയിലുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അക്കാര്യം പരിശോധിച്ച് മുന്നോട്ടുപോകാം. വളരെ പോസിറ്റീവായ നിലപാട് തന്നെയാണ് ടൂറിസം വകുപ്പിന് ഈ വിഷയത്തിലുള്ളതെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

**ഡിജിറ്റൽ സർവ്വേയുടെ പുരോഗതി**

4(*94) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഡിജിറ്റൽ സർവ്വേ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ആരംഭിച്ച് മൂന്നുവർഷം പിന്നിട്ടിട്ടും ഒന്നാംഘട്ടത്തിൽ

പ്രഖ്യാപിച്ച ഇരുനൂറ് വില്ലേജുകളിലെ സർവ്വേ പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി മറ്റുള്ളവയുടെ ഡിജിറ്റൽ സർവ്വേ നടപടികൾ അതിവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനും അത്യാധുനിക സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) റീസർവ്വേ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും അതുപരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പദ്ധതി ഉദ്ദേശിച്ച നിലയിൽതന്നെ മുന്നോട്ടുപോകുകയാണ്. ഒന്നാംഘട്ടത്തിൽ പ്രഖ്യാപിച്ച 200 വില്ലേജുകളിൽ 167 വില്ലേജുകളും രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ

8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമത്തിലെ 9(2) വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ഈ മാസം തന്നെ ഒന്നാം ഘട്ടത്തിൽ ബാക്കിയുള്ള എല്ലാ വില്ലേജുകളുടെയും 9(2) പ്രസിദ്ധീകരിക്കും. ഇതിനോടൊപ്പം രണ്ടാം ഘട്ടത്തിലെ 200 വില്ലേജുകളുടെയും സർവ്വേ വലിയ നിലയിൽ പുരോഗമിച്ചുവരികയാണ്. ഇതിനകം നാലുലക്ഷം ഹെക്ടർ ഭൂമിയാണ് സർവ്വേ ചെയ്തിട്ടുള്ളത്. 01-11-2022-ൽ ഔപചാരികമായി ഡിജിറ്റൽ സർവ്വേ നടപടികൾ ആരംഭിച്ചെങ്കിലും പൂർണ്ണതോതിൽ സർവ്വേ പ്രവർത്തനങ്ങൾ തുടങ്ങിയത് 02-08-2023-നുശേഷമാണ്. 2022 നവംബർ മുതൽ 2023 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ താരതമ്യേന കുറഞ്ഞ വിസ്തൃതി മാത്രമാണ് സർവ്വേ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനുകാരണം ആധുനിക സർവ്വേ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുകയും സർവ്വേയ്ക്കുവേണ്ടി സജ്ജമാക്കുകയും ചെയ്തത് 2023 ജൂലൈ മാസത്തിൽ മാത്രമാണ്. കൂടാതെ ഡിജിറ്റൽ സർവ്വേയ്ക്കാവശ്യമായ നിയമ ഭേദഗതികൾ, Standard Operating Procedure, മുൻ സർവ്വേ റെക്കോർഡുകളുടെ ശേഖരണവും ഡിജിറ്റൈസേഷനും,

ഭൂപടങ്ങളുടെ വെക്ടറൈസേഷൻ, റവന്യൂ റെക്കോർഡുകളുടെ പരിശോധനയും, തിരുത്തലും (ReLIS Data purification), ക്യാമ്പ് ഓഫീസുകളുടെ സജ്ജീകരണം, സർവ്വേ കല്ലുകളുടെ സ്റ്റോക്കിംഗ്, വാഹനങ്ങളുടെ സജ്ജീകരണം തുടങ്ങിയ നടപടികളും പ്രാരംഭമായി സ്വീകരിക്കേണ്ടതുണ്ടായിരുന്നു. അതായത് പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി വന്ന കാലയളവിൽ സർവ്വേ ചെയ്ത് വിസ്തൃതിയിൽ കുറവായിട്ടുണ്ട്. 03-08-2023 മുതൽ 11-06-2024 വരെയുള്ള 10 മാസക്കാലംകൊണ്ട് 277591 ഹെക്ടർ ഭൂമിയിലെ സർവ്വേ പൂർത്തീകരിക്കാനായിട്ടുണ്ട്. ഈ വിസ്തൃതി കണക്കിലെടുത്താൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഉറപ്പായും പറയാൻ കഴിയും.

(ബി) ഡിജിറ്റൽ സർവ്വേയിൽ നടപടി സ്വീകരിക്കാൻ സാധിക്കാത്ത വിധം കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി ഡിജിറ്റൽ സർവ്വേ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. കോടതി വ്യവഹാരങ്ങളിലുൾപ്പെട്ട ഭൂമികളിൽ കോടതി വിധിയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) ഡിജിറ്റൽ റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിലുള്ള ജീവനക്കാരെ കൂടാതെ 1500 സർവ്വേയർ, 3200 ഹെൽപ്പർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തുന്നതിന് സർവ്വേ ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.

തുടർന്ന് ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി ഫാറം 50 രേഖപ്പെടുത്തുന്ന ജോലികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യത്തിൽ 700 ഹെൽപ്പർമാരുടെ എണ്ണം കുറച്ച് പകരം 525 കരാർ സർവ്വേയർമാരെക്കൂടി നിയമിക്കുന്നതിന് അനുമതി നൽകുകയും, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭ്യമായ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടികയിൽനിന്നും എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ചുകൊണ്ടും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം 1317 കരാർ സർവ്വേയർമാരെയും, 1953 ഹെൽപ്പർമാരെയും ഡിജിറ്റൽ സർവ്വേ

ജോലികൾക്കുവേണ്ടി നിലവിൽ നിയോഗിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു,

ഡിജിറ്റൽ സർവ്വേ പദ്ധതിക്കായി 1000 RTK മെഷീനുകളും 700 RETS മെഷീനുകളുമാണ് വിഭാവനം ചെയ്തിരുന്നത്. ഫീൽഡ് ട്രയലുകൾക്കുശേഷം, RTK ഉപകരണങ്ങളുടെ കാര്യക്ഷമതയും പ്രകടനവും പ്രതീക്ഷിച്ചതിലും മികച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് 500 R-ETS മെഷീനുകളുടെ എണ്ണത്തിൽ കുറവുവരുത്തി പകരം 500 RTK മെഷീനുകൾ കൂടുതൽ വാങ്ങിയിട്ടുള്ളതുമാണ്. നിയമപ്രകാരം ടെൻഡർ നടപടികൾ സ്വീകരിച്ചാണ് 1500 RTK, 200 Robotic Total Station, 1700 Tablet PC മെഷീനുകൾ നിലവിൽ വാങ്ങിയിട്ടുള്ളത്.

(ഡി) പൂർണ്ണജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്. സർവ്വേ പൂർത്തിയായ പ്രദേശങ്ങളിലെ റെക്കാർഡുകൾ ഭൂവുടമകൾക്ക് പരിശോധിക്കുന്നതിനായി "എന്റെ ഭൂമി" പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും, അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പോർട്ടൽ മുഖേനതന്നെ അറിയിക്കുന്നതിനുള്ള സംവിധാനമുള്ളതുമാണ്.

കൂടാതെ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി വില്ലേജുകളുടെ ഫീൽഡ് സർവെ പൂർത്തിയാക്കുന്ന മുറയ്ക്ക് വാർഡ് തലത്തിൽ റെക്കാർഡുകൾ പ്രദർശിപ്പിച്ച് റെക്കാർഡുകളുടെ കൃത്യത ഉറപ്പാക്കുകയും, ലഭ്യമായ പരാതികൾ പൂർണ്ണമായും പരിഹരിച്ചതിനുശേഷമാണ് സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നത്. ഇപ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചതിനുശേഷം വീണ്ടും ഒരു മാസക്കാലം റെക്കാർഡുകൾ പ്രദർശിപ്പിച്ച് ടി കാലയളവിൽ ലഭിക്കുന്ന പരാതികൾകൂടി പരിഹരിച്ചതിനുശേഷമാണ് സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച് റെക്കാർഡുകൾ അന്തിമമാക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരളത്തിലെ 1666 വില്ലേജുകളിൽ, ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച 200 വില്ലേജുകളിൽ പകുതിപോലും ഇപ്പോഴും സർവ്വേ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറാൻ സാധിച്ചിട്ടില്ല. മാത്രമല്ല, ഭൂവുടമകളുടെ റിക്കാർഡുകൾ പരിശോധിക്കാനോ പരാതികൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ സർവ്വേ മാപ്പ് തയ്യാറാക്കാനോ ആവശ്യമായ സമയം അനുവദിക്കുന്നതിനുപകരം സർവ്വേയർമാർക്ക് വില്ലേജുകൾ

വിഹിതംവച്ച് ഒരുദിവസം ഇത്ര ഹെക്ടർ ചെയ്യണമെന്ന് ടാർജറ്റ് നൽകുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമൂലം സർവ്വേയുടെ ഗുണനിലവാരം കുറയുകയാണ്. ഡിജിറ്റൽ സർവ്വേയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. രാജൻ: സർ, വളരെ പ്രസക്തമായൊരു ചോദ്യത്തിനുത്തരമാണ് സഭയെ അറിയിക്കുന്നത്. 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾക്ക് പുതിയ മുഖം തീർത്തുകൊണ്ടാണ് ഈ ഗവൺമെന്റ് റീസർവ്വേ നടപടികളാരംഭിച്ചത്. 2022 നവംബർ 1-ന് കേരളത്തിന്റെ മുഖ്യമന്ത്രി ഔപചാരികമായി ആ പരിപാടി ഉദ്ഘാടനം ചെയ്തെങ്കിലും അതിനുശേഷം നടത്തിതീർക്കേണ്ട ഒരുപാട് പ്രവർത്തനങ്ങളുണ്ടായിരുന്നു. CORS-ന്റെ സ്റ്റേഷൻ രൂപീകരിക്കൽ, ഐ.ടി.-യുടെ സൊലൂഷൻ, ബോധവൽക്കരണ പരിപാടികൾ, സ്റ്റാഫിനെ കൊണ്ടുവരൽ, ജീവനക്കാരുടെ പരിശീലനം, ഡിജിറ്റൽ സർവ്വേയ്ക്കാവശ്യമായ നിയമ ഭേദഗതികൾ, SOP (Standard Operating Procedure) തുടങ്ങി RTK റോവർ, RTS മെഷീൻ എത്തിക്കുക എന്നതുൾപ്പെടെയുള്ള ദീർഘകാലത്തെ പരിപാടികൾ ഇതുമായി ബന്ധപ്പെട്ട് നടത്തേണ്ടതുണ്ടായിരുന്നു. 2023 ആഗസ്റ്റ്

2 ഓട്ടുകൂടിയാണ് പൂർണ്ണമായി പ്രൊക്യൂർമെന്റും ഈ നടപടികളും ചേർന്ന് പൂർണ്ണമായ വിധത്തിലേയ്ക്കെത്തിക്കാൻ കഴിഞ്ഞത്. 2022 നവംബർ 1-ാം മുതൽ 2023 ആഗസ്റ്റ് 2-ാം വരെ 124000 ഹെക്ടർ ഭൂമി കേരളത്തിൽ അളന്നിട്ടുണ്ട്. 2023 ആഗസ്റ്റ് 2-ാം മുതൽ ഇന്നുവരെയുള്ള കണക്കെടുത്താൽ 277591 ഹെക്ടർ ഭൂമിയും അളന്നുകഴിഞ്ഞു. ഇതുരണ്ടുംകൂടി കൂട്ടിയാൽ കേവലം ഒന്നര വർഷക്കാലംകൊണ്ട് നാല് ലക്ഷം ഹെക്ടർ ഭൂമി കേരളത്തിൽ അളന്ന് കൃത്യതയോടെ തിട്ടപ്പെടുത്താൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മെച്ചം. 1996-ലാണ് ടോട്ടൽ സ്റ്റേഷൻ ആരംഭിക്കുന്നത്. ഇത്രയും കാലംകൊണ്ട് കേവലം 95000 ഹെക്ടർ ഭൂമി മാത്രമേ നമുക്ക് അളക്കാൻ കഴിഞ്ഞിട്ടുള്ളൂ. പക്ഷെ, ഈ പദ്ധതിയുടെ ഭാഗമായി നാലുലക്ഷം ഹെക്ടർ ഭൂമി അളന്നുതീർത്തുവെന്ന് മാത്രമല്ല, ഇന്ന് ഈ മറുപടി പറയുമ്പോൾ 197 വില്ലേജുകളിൽ Kerala Survey and Boundaries Act പ്രകാരമുള്ള 9(2) പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ഏറെ സന്തോഷത്തോടെ ഒരുകാര്യം പറയട്ടെ, വിദ്യാഭ്യാസ/ആരോഗ്യ/ഭൂപരിഷ്കരണ മേഖലയിൽ കേരളത്തിന്റെ നേട്ടംപോലെ സർവ്വേ രംഗത്തും ഒരു പുതിയ കേരള

മോഡലുണ്ടാക്കിയിരിക്കുന്നു. ഇന്ത്യയിൽ ആസ്സാം, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി, തമിഴ്നാട് എന്നീ നാല് സംസ്ഥാനങ്ങൾ ഇതുമായി ബന്ധപ്പെട്ട ആശയവിനിമയം നടത്തിയെന്നുമാത്രമല്ല ആസ്സാമിലെ ഗവൺമെന്റ് കേരള മോഡൽ അവിടെ പരീക്ഷിക്കണമന്നാവശ്യപ്പെട്ടുകൊണ്ട് നമ്മുടെ രാജ്യത്തെ മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്മെന്റിന് കൊടുത്ത കത്ത് പ്രകാരം ഡിപ്പാർട്ട്മെന്റ് ഓഫ് ലാൻഡ് റിസോഴ്സ് ഒരു കത്ത് ഇപ്പോൾ കേരളത്തിലെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചിരിക്കുകയാണ്. ആസാമിന് കേരള മോഡൽ അവതരിപ്പിക്കാൻ അനുവാദം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ആ കത്ത്. അതിലെ വരികൾ ഇപ്രകാരമാണ്, " It is therefore requested to provide the Software and Technology Service of ' Ente Bhoomi Portal' and ' eMaps' of your State to Government of Assam for customisation and maintenance. Necessary technical assistance be provided by NIC, Kerala Team to NIC, Assam Team 2" , എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം കേന്ദ്രംപോലും കേരളത്തിന്റെ ഈ നടപടി അംഗീകരിച്ചുവെന്നാണ്. ഏറ്റവും ചുരുങ്ങിയ ALC (Appeal Land

Complaints)-യുള്ള ഈ സർവ്വേ നടപടികൾ 200 വില്ലേജിൽ നാലുലക്ഷം ഹെക്ടർ പൂർത്തിയാക്കിയപ്പോൾ കേരളത്തിൽ ആകെയുള്ള എൽ.ആർ.എം. പരാതി കേവലം 4558 മാത്രമാണ്. അതായത് ആകെയുള്ള Land Parcel-കളുടെ 0.2 ശതമാനം. അത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും നൽകിയ പിന്തുണയുടെ അടിസ്ഥാനത്തിലാണ്. അങ്ങേയ്ക്ക് ഒരു പേടിയും ഉണ്ടാകേണ്ടതില്ല. കേരളത്തിൽ ആകെയുള്ളത് 38 ലക്ഷം ഹെക്ടർ ഭൂമിയാണ്. വനം കഴിച്ചാൽ 28 ലക്ഷം. അതിൽ നാലുലക്ഷം ഇപ്പോൾ റീസർവ്വേ ചെയ്തുകഴിഞ്ഞു. നിലവിലെ ഗവൺമെന്റിന്റെ കാലത്തുതന്നെ ആ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഡിജിറ്റൽ സർവ്വേ വരുന്നതോടുകൂടി ഡ്രാഫ്റ്റ്സ്മാൻ, സർവ്വേയർ എന്നീ രണ്ട് തസ്തികകൾ വേണ്ടെന്ന നിലപാടാണ് ഇപ്പോൾ സർക്കാരിനുള്ളത്. മലപ്പുറം ജില്ലയിൽ മാത്രം 10-ഉം വയനാട് ജില്ലയിൽ 8-ഉം ഡ്രാഫ്റ്റ്സ്മാൻ തസ്തികകളില്ലാതാക്കി സർവ്വേയർ തസ്തികകളാക്കി കൺവേർട്ട് ചെയ്തു. സർവ്വേ തുടങ്ങുമ്പോൾ പ്രാരംഭ ജോലികളായ റിക്കാർഡ് കളക്ഷൻ, ബ്ലോക്ക് മാപ് തയ്യാറാക്കൽ എന്നിവ

ഡ്രാഫ്റ്റ്സ്മാനാണ് ചെയ്യേണ്ടത്. ഇപ്പോൾ ക്ലാർക്കിന്റെയും ഡ്രാഫ്റ്റ്സ്മാന്റെയും ജോലി ചെയ്യേണ്ടിവരുന്നത് സർവ്വേയർമാരാണ്. ഇതുകാരണം സർവ്വേയർമാർക്ക് ഫീൽഡ് ജോലികൾ ഭംഗിയായി നിർവ്വഹിക്കാൻ സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. അതിനാൽ സംസ്ഥാനത്ത് ആവശ്യമായ സർവ്വേയർമാരെ നിയമിക്കാനും മലപ്പുറം, വയനാട് ജില്ലകളിലെ കൺവേർട്ട് ചെയ്ത 18 ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ റീസർവ്വേ വന്നതോടുകൂടി നേരത്തേയുണ്ടായിരുന്ന സിസ്റ്റത്തിൽനിന്നും ചില മാറ്റങ്ങളുണ്ടായി. അതുകൊണ്ട് സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികകളെ ഏകോപിപ്പിച്ചുകൊണ്ട്, ഡ്രാഫ്റ്റ്സ്മാൻ വിഷയം പഠിച്ച ആളുകൾക്ക് ഒരു തരത്തിലും ജോലി നഷ്ടപ്പെടാതെ അതിനെ ഏകീകരിക്കാനും അവരുമായി ചർച്ച ചെയ്തും അവരെ വിശ്വാസത്തിലെടുത്തും നടപടികൾ തുടരാനാണ് ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളും പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഡിജിറ്റൽ സർവ്വേ നടപടികൾ പതുക്കെയാണ് പോകുന്നതെന്ന് ഇവിടെ പറഞ്ഞു. ഡിജിറ്റൽ സർവ്വേക്കായ ചെലവാകുന്ന സംഖ്യ തൊള്ളായിരം കോടി രൂപ ഇപ്പോൾ സർക്കാരാണ് വഹിക്കുന്നത്. ഇതിനുവേണ്ടി ഇറങ്ങിയ 12-12-2022-ലെ ഉത്തരവ് നം.5036-ൽ പറയുന്നത്, സർവ്വേ നടപടികൾ പൂർത്തിയായതിനുശേഷം പൊതുജനം കരമടയ്ക്കുമ്പോൾ സർവ്വേ നടപടികൾക്കായി സർക്കാരിന് ചെലവായ തൊള്ളായിരം കോടി രൂപ പൊതുജനങ്ങളിൽനിന്നും ഈടാക്കുമെന്നാണ്. ഒരിക്കലും നീതികരിക്കാൻ കഴിയാത്ത കാര്യമാണിത്. 12-12-2022-ലെ ഉത്തരവിൽ പറയുന്നത് ഇപ്രകാരമാണ്, "സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുമായി ബന്ധപ്പെട്ട് വില്ലേജുകളുടെ സർവ്വേ നടപടികൾ നിർവ്വഹിക്കുന്നതിന് ചെലവാകുന്ന തുക മുൻകൂറായി വഹിക്കുന്നതിനും തുടർന്ന് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ ശേഷം വില്ലേജ് ഓഫീസുകൾ മുഖേന കരം അടയ്ക്കുന്നതോടൊപ്പം ടി തുക ഭൂവുടമകളിൽനിന്നും കുടിശ്ശിക തുകയായി ഈടാക്കുന്നതിനും സർവ്വേ

ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു'. ഈ ഉത്തരവിനോട് സർക്കാരിനുള്ള ഇപ്പോഴത്തെ സമീപനമെന്താണ്?

<u>ശ്രീ. കെ. രാജൻ</u>: സർ, ഡിജിറ്റൽ റീസർവ്വേ ഇന്ത്യയുടെ ചരിത്രത്തിൽതന്നെ ആദ്യത്തെ അനുഭവമാണ്. 858 കോടി രൂപ ചെലവഴിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഇത്രയുംരം ബൃഹത്തായൊരു പദ്ധതിക്ക് നേതൃത്വം നൽകുമ്പോൾ സാധാരണ നിലയിൽ ഉപഭോക്താവ് അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി പ്രയാസങ്ങളും അവർക്ക് പിന്നീടുണ്ടാകുന്ന വലിയ സാമ്പത്തിക ചെലവും ഒഴിവാക്കാൻ കഴിയുന്ന വിധത്തിലാണ് ആ പദ്ധതി ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. കൂടാതെ, ഈ പദ്ധതിയുടെ ഗുണഫലം പദ്ധതി പൂർത്തീകരിക്കുന്നതോടെ അവസാനിക്കുന്നില്ല. പദ്ധതി കഴിഞ്ഞാൽ തുടർന്ന് സബ്ഡിവിഷൻ ചെയ്യുന്ന കാര്യങ്ങളിൽപ്പോലും ReLIS Data purification നടത്തി വിവരങ്ങൾ എന്റെ ഭൂമി പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്ന വിധത്തിൽ ഒരു പുതിയ വസ്തു വിൽക്കാൻ തീരുമാനിച്ചാൽ, ശേഷിക്കുന്ന വസ്തുവിന്റെയും പുതിയ വസ്തുവിന്റെയും സ്കെച്ചും പ്ലാനുമുൾപ്പെടെ ഇന്റഗ്രേറ്റഡ് പോർട്ടലിൽ വരാവുന്ന വിധത്തിലുള്ള നടപടിക്രമമാണ്

തീരുമാനിച്ചത്. അതിന്റെ ഭാഗമായ ചെലവുകൾ സംബന്ധിച്ച ആലോചനയാണ് ആ സർക്കുലറിലുള്ളത്. വീണ്ടും പരിശോധിച്ച് ആവശ്യമായ നടപടികൾ അക്കാര്യത്തിലെടുക്കും.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ആധാറുമായി ലിങ്ക് ചെയ്ത് ഭൂമിയുടെ നികുതിയടക്കാൻ വില്ലേജുകളിലെത്തുമ്പോൾ കൈവശമുള്ള ഭൂമിയുടെ യഥാർത്ഥ അളവ് വില്ലേജുകളിലെ ഡിജിറ്റൽ രേഖകളിൽ ഇല്ലെന്ന് പറഞ്ഞ് നികുതി അടയ്ക്കാനാവാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്ന അവസ്ഥയുണ്ട്. എന്റെ മണ്ഡലത്തിലെ ചേലമ്പ്ര, പള്ളിക്കൽ വില്ലേജുകളിൽ ഇത്തരം സംഭവങ്ങൾ പതിവാണ്. അതുകൊണ്ട് ഫീൽഡ് വർക്ക് ഉദ്യോഗസ്ഥന്മാർ അതിനുവേണ്ടി നിർബന്ധിതരാവുകയാണ്. ആയതിനാൽ ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കൈവശമുള്ള ഭൂമിയുടെ യഥാർത്ഥ അളവുവിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾക്ക് മുൻഗണന നൽകുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. ആ പ്രശ്നത്തെ കേരളത്തിലെ ഗവൺമെന്റ് അഭിസംബോധന

ചെയ്യുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയില്ലാത്തതുപോലെ, ഏറ്റവും അവസാനം സെറ്റിൽമെന്റുണ്ടായത് 1936-ൽ മലബാറിലാണ്. അതിനുശേഷം ഐക്യകേരളത്തിലൊരു സെറ്റിൽമെന്റുണ്ടായിട്ടില്ല. പലപ്പോഴും അങ്ങ് പറഞ്ഞതുപോലെ അളവ് നടക്കുമ്പോൾ രേഖയിലുള്ളതിനേക്കാൾ കൂടുതൽ വിസ്തൃതി അവരുടെ കൈവശത്തിലുണ്ടാവുകയാണ്. അങ്ങനെ വരുമ്പോൾ possessory title കിട്ടുമെന്നല്ലാതെ അങ്ങ് പറഞ്ഞതുപോലെ Documentary title കിട്ടില്ല. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ boundaries will prevail over extent എന്നൊരു പൊതുതത്വമുണ്ടെങ്കിലും അത് ഡോക്യുമെന്റലാക്കാൻ ഇപ്പോൾ നടപടിയില്ല. അതിനാൽ 1936-ൽ ഐക്യകേരളം രൂപീകരിച്ചതിനുശേഷം ഇതുവരെ സെറ്റിൽമെന്റ് ആക്ടില്ല എന്ന പ്രശ്നം പരിഹരിക്കാൻ ഈ സഭയ്ക്കുതന്നെ ചർച്ച ചെയ്യാൻ കഴിയുന്ന വിധത്തിൽ അധികമായുണ്ടായ ഭൂമി സ്ഥിരീകരിക്കാൻ നിശിതമായ നിയമത്തോടുകൂടിത്തന്നെ ഒരു നിയമംകൊണ്ടുവരാനുൾപ്പെടെ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അങ്ങ് പറഞ്ഞ രണ്ട് വില്ലേജുകളിലെയും പ്രശ്നം പ്രത്യേകമായി പരിശോധിക്കുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഡിജിറ്റൽ സർവ്വേ പ്രഖ്യാപനം വന്നപ്പോൾ നാലുവർഷംകൊണ്ട് പൂർത്തിയാക്കുമെന്നാണ് പറഞ്ഞിരുന്നത്. 40 ലക്ഷത്തോളം ഭൂമിയിൽ 4 ലക്ഷം മാത്രമാണ് രണ്ടര വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കിയിട്ടുള്ളത്. '13' പ്രഖ്യാപനം കഴിഞ്ഞ് പക്കയാക്കിയിട്ട് ഇപ്പോഴും കൊടുത്തിട്ടില്ല. 4 ലക്ഷംതന്നെ '13' പ്രഖ്യാപനം കഴിഞ്ഞിട്ട് അതിന്റെ എല്ലാ ഗുണമേന്മയോടുകൂടി കൊടുക്കാൻ സാധിച്ചിട്ടില്ല. എല്ലാ പരാതികളും പരിഹരിച്ച് ഇതിനെ ഓരോ ഉടമസ്ഥർക്കും അതിന്റെ ബൗണ്ടറി നിശ്ചയിച്ചുകൊടുക്കാൻ എന്നാണ് കഴിയുക?

ശ്രീ. കെ. രാജൻ: സർ, ഇത് തെറ്റിദ്ധാരണയുടെ പുറത്താണ് ഉന്നയിച്ചത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ 2022 നവംബർ മാസം 1-ന് ഔപചാരികമായി ആരംഭിച്ചെങ്കിലും എല്ലാ വിധത്തിലുള്ള ഡിജിറ്റൽ ഉപകരണങ്ങളും കിട്ടിയശേഷം ഇത് ആരംഭിക്കുന്നത് 2023 ആഗസ്റ്റ് മാസം 2-നാണ്. 38 ലക്ഷം ഹെക്ടർ ഭൂമിയുള്ളതിൽ 4 ലക്ഷം പൂർത്തീകരിച്ചു. അങ്ങ് പറഞ്ഞ പ്രശ്നം ഇവിടെ വരികയാണ്. 197 വില്ലേജുകളിൽ 9(2) പ്രസിദ്ധീകരിച്ചുകഴിഞ്ഞു. അത് '13' ആകാനുള്ള പ്രശ്നം ഏതെങ്കിലും

വിധത്തിൽ ഇനി എൽ.ആർ.എം. പരാതികളില്ലാത്ത വിധത്തിൽ 9(2) പ്രസിദ്ധീകരിച്ച് '13' ആകുന്നതിനുമുമ്പ് ആവശ്യമായി ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കാനും അതോടൊപ്പം കേവലം 13 ആയതുകൊണ്ട് കാര്യമില്ല. ഇത്രയധികം പണം അങ്ങനെ ചെലവഴിച്ചിട്ടും കാര്യമില്ല. രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലായിട്ടുള്ള Pearl-ഉം റവന്യൂ വകുപ്പിന്റെ പോർട്ടലായ ReLIS-ഉം സർവ്വേ വകുപ്പിന്റെ പോർട്ടലായ eMap-ഉം കൂട്ടി യോജിപ്പിച്ചുകൊണ്ട് ചരിത്രത്തിലാദ്യമായി 'എന്റെ ഭൂമി' എന്ന ഇന്റഗ്രേറ്റഡ് പോർട്ടൽ വന്നാൽ മാത്രമേ '13'-ലേയ്ക്ക് കൊടുക്കുന്ന ഗുണഫലങ്ങൾ നമുക്കുണ്ടാകൂ. ഇന്റഗ്രേറ്റഡ് പോർട്ടർ ഈ 100 ദിന പരിപാടികളുടെ ഭാഗമായി ആദ്യത്തെ 200 വില്ലേജുകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. അതുകഴിഞ്ഞാൽ ഉടൻ ആ 200 വില്ലേജുകൾ '13'-ലേയ്ക്ക് പോകും. അതനുസരിച്ച് ഓരോഘട്ടവുമായി നടപടി പോകും. രണ്ടാമത്തെ സെക്ഷനിലെ 87 വില്ലേജുകളിൽ 9(2) ആയി. മൂന്നാമത്തെ പാർട്ടായിട്ടുള്ള റീസർവ്വേ സൈമൾട്ടേനിയസായിതന്നെ ആരംഭിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഡിജിറ്റൽ സർവ്വേ കഴിയുമ്പോൾ അതിരുകൾക്കുള്ളിലുള്ള ഭൂമിയുടെ രേഖയിൽ കൂടുതലായി വിസ്തീർണ്ണം കാണുകയാണെങ്കിൽ അത് ക്രമവൽക്കരിക്കാനുള്ള നിയമനിർമ്മാണം കൊണ്ടുവരുമെന്ന് പറയുന്നുണ്ട്. മലബാർ മേഖലയിൽ പണ്ട് മുഴക്കോൽ അളവാണ്. അതിന്റെ ഭാഗമായി ഇപ്പോൾ കാണുന്ന രേഖകളിൽ ഭൂമി കുറവാണ് പലസ്ഥലങ്ങളിലുമുള്ളത്. അതിനും ഇതിന്റെ ഭാഗമായി എന്തെങ്കിലും പരിഹാരമുണ്ടോ?

ശ്രീ. കെ. രാജൻ: സർ, കോലളവ്, ചെയിൻ അതിനുശേഷം ETS-ലേയ്ക്ക് കടന്നു. ഇപ്പോൾ RTK റോവലിലേയ്ക്ക് കടക്കുകയാണ്. ഏറ്റവും സൂക്ഷ്മതലത്തിലാണ് ഇത് പരിശോധിക്കുന്നത്. അതുകൊണ്ട് രേഖലയിലുള്ള ഭൂമിയെക്കാൾ അധികവും കുറവുംവരുന്നത്, അധികമായി വന്ന ഭൂമിയെ സാധൂകരിക്കാൻ പറ്റും. കുറവായി വന്നാൽ മറ്റ് മാർഗ്ഗങ്ങളുണ്ടാകില്ല. ആ നിയമം ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുമ്പോൾ ആവശ്യമായ വിധത്തിൽ ചർച്ചകളുമുണ്ടാക്കാം. പ്രിസന്റീവ് ടൈറ്റിലിൽ നിന്നും കൺക്ലൂസീവ് ടൈറ്റിലിലേയ്ക്ക് പോകാനുള്ള കേരളത്തിന്റെ ചരിത്രപരമായ

നാഴികക്കല്ലായിരിക്കും ഈ നിയമത്തിന്റെ അവതരണത്തിലൂടെയുണ്ടാകാൻ പോകുന്നതെന്ന കാര്യം ഞാൻ സഭയെ ബോധ്യപ്പെടുത്തുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

------------------------